

25 of YEARS SUCCESS

# വർത്തിക

## SOUVENIR

Fr. VYNTHALA VANITHA SERVICE SOCIETY

3K PURAM, NADATHARA P O, THRISSUR - 680 751


Surakhsha
REEFER & FRESH CONTAINERS
Green Refrigerated & Insulated containers are now available in our
Kerala Depot at Angamaly
KERALA BRANCH
Ezhattumugham Road, Mookkannoor
Angamaly, ERNAKULAM
Mob : 80869 96996 / 9443061162 / 9443761190
Surakhsha
SURAKHSHA TRANSPORT SYSTEMS (INDIA) PVT LTD
An ISO 9001 : 2015 Certified Company
SF. No. : 113/2, Seerapalayam Road, P.O. Bodipalayam
Coimbatore - 641105, Tamilnadu, India.
Mobile : 09443061162 / 09443061190 / 09443761190
E-mail : freshcare@surakhsha.in | nsm@surakhsha.in | Info@surakhsha.in
Website : www.surakhsha.in


Finolex Cables
FLAMEGARD
FRLS
HOUSEGARD
FLAME RETARDANT (FR) PVC INSULATED CABLES
NEW IMPROVED FR
Finolex
Distributor
Kerala Sales Corporation
Post Office Road, Thrissur, Ph: 2420894, 2424608
Mob : 94470 27894 E-mail: febsonpeterksc@gmail.com



## സന്ദേശം

സമൂഹത്തിന്റെ അടിത്തട്ടിലേക്കു മാറ്റി നിർത്തപ്പെടുന്ന സ്ത്രീ സമൂഹത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിച്ചുവരുന്ന ഫാ. വൈന്തല വനിത സർവ്വീസ് സൊസൈറ്റി കാൽനൂറ്റാണ്ടു പിന്നിടാൻ പോകുന്ന ഈ അവസരത്തിൽ, സുവനീർ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. സ്ത്രീ സമൂഹത്തെ അഭിവൃദ്ധിയിലേക്കു നയിക്കാൻ ഐക്യവും ശക്തിയും സാഹോദര്യവും അനുഭവവേദ്യമാക്കാൻ അർപ്പണ മനോഭാവത്തോടെയുള്ള കൂട്ടായ ഒരു പ്രവർത്തനത്തിലൂടെ സാധിക്കുമെന്ന് വി. വി. എസ്. എസ് ഇതിനോടകം തെളിയിച്ചിരിക്കുന്നു. സാമൂഹ്യ പ്രതിബദ്ധതയോടെ വനിതകളുടെ പുരോഗതിക്കുവേണ്ടി ആത്മാർത്ഥമായ പരിശ്രമം കാഴ്ചവെയ്ക്കുന്ന വി. വി. എസ്. എസ്. ലെ എല്ലാ പ്രവർത്തകരെയും അഭിനന്ദിക്കുകയും ജൂബിലി മംഗളങ്ങൾ ആശംസിക്കുകയും ചെയ്യുന്നു. ഇത്തരം യൂണിറ്റുകൾ സമൂഹത്തിന്റെ ഉയർച്ചക്കായ്, മനുഷ്യ നന്മക്കായി ഇനിയും ദീർഘകാലം പ്രവർത്തിക്കുന്നതിനും ഇതിന്റെ എല്ലാ ഭാവി പ്രവർത്തനങ്ങൾക്കും സമൃദ്ധമായ ദൈവാനുഗ്രഹവും പ്രാർത്ഥനാമംഗളങ്ങളും ആശംസിച്ചുകൊണ്ട്,

റവ. ഫാ. വാൾട്ടർ തേലപ്പിള്ളി സി.എം.ഐ
പ്രൊവിൻഷ്യൽ, ദേവമാത പ്രൊവിൻസ്,
തൃശ്ശൂർ



## സന്ദേശം

സമൂഹത്തിലെ സ്ത്രീകളുടെ വികസനം മുന്നിൽ കണ്ടുകൊണ്ട് സാമൂഹ്യ പ്രതിബദ്ധതയുടെ ഉദാത്തനിറകുടമായി കാൽ നൂറ്റാണ്ട് പിന്നിട്ട, വനിതാ സ്വയം തൊഴിൽ സംരംഭമായ ഫാ. വൈന്തല വനിതാ സർവ്വീസ് സൊസൈറ്റിയ്ക്ക് രജതജൂബിലി മംഗളങ്ങൾ ആശംസിക്കുന്നു. രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. സാമ്പത്തികമായും സാമൂഹ്യമായും വെല്ലുവിളികൾ നേരിടുന്ന വനിതകൾക്ക് സഹായഹസ്തമേകുവാൻ ഈ സംരംഭത്തിന് സാധിച്ചിട്ടുണ്ട്. വി. വി. എസ്. എസ് ന്റെ എല്ലാ പ്രവർത്തനങ്ങൾക്കും വിജയാംശംസകൾ നേർന്നുകൊണ്ട്,


റവ. ഫാ. ജോസ് എടുത്തൻ സി.എം.ഐ
സുപ്പീരിയർ, കെസ്സ് സെന്റർ
നടത്തറ

## സന്ദേശം

Telephone : 0487 2316284
**Office of the Nadathara Grama Panchayath**
Moorkanikkara, P. O. Kozhukkully, Thrissur - 680 751

ഫോൺ : 0487 2316284
**നടത്തറ ഗ്രാമപഞ്ചായത്ത് ഓഫീസ്**
മൂർക്കനിക്കര, പി. ഒ. കൊഴുക്കുള്ളി, തൃശൂർ - 680 751

***Adv. P. R. Rejith***
*President*
*Mobile : 94960 46068*
*9745 603 008*
*Resi : 0487 2315008*
*E-mail : rejith.adv.tcr@gmail.com*

Date ..........................

നടത്തറ കേന്ദ്രമായി പ്രവർത്തിക്കുന്ന വനിത സ്വയം തൊഴിൽ സംരംഭമായ വി.വി.എസ്.എസ്, രജത ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ഒരു സോവനീർ പ്രസദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തനം തുടരുന്ന വി.വി.എസ്.എസ്, മാതൃകാപരമായ സേവനങ്ങൾ ഇനിയും തുടരട്ടെ എന്ന് ആശംസിക്കുന്നു. കാൽനൂറ്റാണ്ട് പിന്നിടുന്ന സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു

Adv. P.R. REJITH
President
Nadathara Grama Panchayath
Thrissur Dt. Kerala State

## സന്ദേശം



സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിച്ചു വരുന്ന വി.വി.എസ്.എസ് യൂണിറ്റ് 25 വർഷം പൂർത്തീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. സമൂഹത്തിന്റെ അടിത്തട്ടിലേക്ക് മാറ്റിനിർത്തപ്പെടുന്ന സ്ത്രീ സമൂഹത്തിനെ മുൻനിരയിലേക്ക് കൊണ്ടുവരാൻ സ്വയം തൊഴിൽ സംരംഭങ്ങൾ അതിയായ പങ്കു വഹിക്കുന്നുണ്ട്. വി. വി. എസ്. എസ് എന്ന വനിത സ്വയം തൊഴിൽ സംരംഭം ഈ കർമ്മത്തിൽ വിജയിച്ചിരിക്കുന്നു. ഈ സന്തോഷനിമിഷത്തിൽ ഒരു സ്മരണിക പുറത്തിറക്കുന്നത് അഭിമാനകരമായ കാര്യം തന്നെയാണ്. സംരംഭത്തിന്റെ എല്ലാ വിജയങ്ങൾക്കും, ഭാവി പ്രവർത്തനങ്ങൾക്കും പ്രാർത്ഥനയും, ആശംസയും നേരുന്നു.

റവ. ഫാ. ജോർജ്ജ് തളിയപറമ്പിൽ സി.എം.ഐ
മുൻ സെക്രട്ടറി, കെസ്സ്

## സന്ദേശം



വനിതാ വികസന പദ്ധതികളുടെ ലക്ഷ്യം രാജ്യമെമ്പാടുമുള്ള സ്ത്രീകളുടെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുക എന്നതാണ്. ഈ ലക്ഷ്യത്തിന്റെ ഭാഗമായി മാറുവാൻ നടത്തറ കേന്ദ്രമായി പ്രവർത്തിക്കുന്ന വനിതാ വികസന സംരംഭമായ വി. വി. എസ്. എസിന് കാൽനൂറ്റാണ്ടുകൊണ്ട് സാധിച്ചു എന്നത് പ്രശംസനീയമാണ്. രജത ജൂബിലി ആഘോഷിക്കുന്ന വി. വി. എസ്. എസിനും യൂണിറ്റ് അംഗങ്ങൾക്കും എല്ലാ മംഗളങ്ങളും ആശംസിക്കുന്നു.

റവ. ഫാ. ജോസ് പയ്യപ്പിള്ളി സി.എം.ഐ
മുൻ സെക്രട്ടറി, കെസ്സ്

## സന്ദേശം



കഴിഞ്ഞ 25 വർഷകാലം നടത്തറ കേന്ദ്രമാക്കി ആ പ്രദേശത്തെ സമീപസ്ഥരായ സ്ത്രീകൾക്ക് അനുഗ്രഹമായി നിലകൊള്ളുകയാണ് ഫാ. വൈന്തല വനിതാ സർവീസ് സൊസൈറ്റി. കുടുംബ നന്മക്കും സമൂഹത്തിന്റെ പുരോഗതിയ്ക്കും ഉത്തമ മാതൃകയായി മാറാൻ നാളിതുവരെയുള്ള പ്രവർത്തനങ്ങൾകൊണ്ട് ഇതിന് സാധിച്ചിട്ടുണ്ട്. കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത ഊട്ടിയുറപ്പിക്കുന്നതിനായി ഒരു വിളിപാടകലെ ജോലിയിൽ വ്യാപൃതരാക്കാനും കൂട്ടായ പ്രവർത്തനങ്ങളിലൂടെ ദു:ഖങ്ങളും സന്തോഷങ്ങളും പങ്കുവെക്കാനുമുള്ള അവസരം കൂടിയാണ് വി.വി.എസ്.എസ് ഒരുക്കുന്നത്. സത്രീകളുടെ ഉന്നമനത്തിനായി സ്ത്രീകളാൽ നയിക്കപ്പെടുന്നതാണ് ഈ വനിതസംരംഭം. കാൽനൂറ്റാണ്ടിന്റെ വിജയഗാഥ പിന്നിടുന്ന വേളയിൽ വി. വി. എസ്. എസിന്റെ പ്രവർത്തന മേഖലകളിൽ സഹായഹസ്തമാവാനും മാർഗനിർദ്ദേശങ്ങൾ നൽകുവാനും കെസ്സിനു സാധിച്ചുവെന്നതിൽ തീർച്ചയായും അഭിമാനമുണ്ട്. കെസ്സിന്റെ ഒരു സഹോദരി സ്ഥാപനമായി വർത്തിക്കുന്ന ഈ വനിതാ സംരംഭം ഇത്തരത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ഒരു മാതൃകയായിരിക്കട്ടെ. ഈ സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നതോടൊപ്പം ജൂബിലിയുടെ മംഗളങ്ങൾ എല്ലാവർക്കും ആശംസിക്കുന്നു.

റവ. ഫാ. ഡോ. ജോയ് വട്ടോലി സി.എം.ഐ

സെക്രട്ടറി, കെസ്സ്

# ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 9 |
| ഞങ്ങളെ നയിച്ചവർ | 10 |
| വി. വി. എസ്. എസിന്റെ 25 വർഷങ്ങൾ | 11 |
| വി. വി. എസ്. എസിനെ കുറിച്ച്.......... | 13 |
| എന്റെ വി. വി. എസ്. എസ് അനുഭവങ്ങൾ | 15 |
| വി. വി. എസ്. എസ് ജൂബിലി ആഘോഷങ്ങളിലൂടെ | 15 |
| സ്ത്രീ ശാക്തീകരണവും സന്നദ്ധ സംഘടനകളും | 17 |
| സ്ത്രീ ശാക്തീകരണം അടുത്ത ചുവട് | 19 |
| സ്ത്രീകളും ആരോഗ്യവും | 20 |
| അമ്മ | 21 |
| ഞങ്ങൾ കണ്ടറിഞ്ഞ വി. വി. എസ്. എസ്-ലെ ചേച്ചിമാർ | 22 |
| വസന്തത്തിലേക്കുള്ള വരവേൽപ്പ് | 23 |

# എഡിറ്റോറിയൽ

സ്ത്രീയും സമൂഹവും പണ്ടുമുതൽക്കേ പല കാരണങ്ങൾകൊണ്ട് രണ്ട് ദിശകളിലായാണ് സഞ്ചരിച്ചിരുന്നത്. അന്ധവിശ്വാസങ്ങൾകൊണ്ടും അനാചാരങ്ങൾ കൊണ്ടും സ്ത്രീയെ അബലയായി അവഗണിച്ചിരുന്ന കാലം. എന്നാൽ ആധുനികതയുടെ കാൽവയ്പുകളിൽ ഇതിനേറെ പരിണാമങ്ങൾ വന്നിട്ടുണ്ട്. പുരുഷനെപ്പോലെ തന്നെ സ്ത്രീയും സമൂഹത്തിന്റെ വികസനം നടത്തേണ്ടിയിരിക്കുന്നു. ഈ ഒരു മാറ്റത്തിന് അവസരമൊരുക്കിയത് പലവിധത്തിലുള്ള സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളാണ്. സ്ത്രീ ശാക്തീകരണം എന്ന തുടർച്ചയായ പ്രതിഭാസം പുരുഷാധിപത്യത്തിൽ നിന്നും സമൂഹത്തിലെ ഒറ്റപ്പെടലുകളിൽ നിന്നും സ്ത്രീയെ മോചിപ്പിച്ച് സാമൂഹികമായും സാമ്പത്തികമായും സ്വയംപര്യാപ്തത കൈവരിക്കുവാനുള്ള ശ്രമമാണ് നടത്തിയത്. സ്ത്രീ ശാക്തീകരണം സാധ്യമാക്കുന്നതിലൂടെ നല്ലൊരു കുടുംബവും നല്ലൊരു സമൂഹവും അതിലൂടെ അന്തിമമായി ഒരു തികഞ്ഞ രാഷ്ട്രവും സൃഷ്ടിക്കപ്പെടുന്നതാണെന്ന് ഇന്നത്തെ സമൂഹം നമുക്ക് ചൂണ്ടികാണിച്ചു തന്നിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിന്റെ ഒരു പ്രതിഫലനം എന്ന നിലയിൽ കേരളത്തിലും അതിന്റെ അലയടികളുണ്ടായി.

കേരളത്തിലെ വിവിധ ഗ്രാമപ്രദേശങ്ങളിൽ ചെറുതും വലുതുമായ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് നാമ്പുമുളച്ചു. ഇതിന്റെ ഭാഗമായി താഴ്ന്നവരുമാനക്കാരും അസംഘടിതരും സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നതുമായ സ്ത്രീകളെ സംഘടിപ്പിച്ച് ആവശ്യമായ ബോധവൽക്കരണവും തൊഴിൽ പരിശീലനവും പ്രോത്സാഹനവും നൽകി. തൊഴിൽ സാധ്യത വർദ്ധിപ്പിച്ച് അവരുടെ അഭിവൃദ്ധിയും നാടിന്റെ പുരോഗമനപരമായ പ്രവർത്തനവും ലക്ഷ്യമിട്ടുകൊണ്ട് 1994 മെയ് 9 നടത്തറ കേന്ദ്രീകരിച്ച് സ്ത്രീ തൊഴിൽ സംരംഭമായ വൈന്തല വനിതാ സർവ്വീസ് സൊസൈറ്റി (വി. വി. എസ്. എസ്) രൂപം കൊണ്ടു. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുമായി യാത്ര തുടങ്ങിയ ഈ സംരംഭം പ്രയത്നത്തിന്റെയും മാറ്റങ്ങളുടെയും കാൽനൂറ്റാണ്ട് പിന്നിട്ട് ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ പൂർണ്ണതയിലേക്കു കൊണ്ടു പോകുവാൻ കഠിന ശ്രമം ചെയ്തവർ, താങ്ങായും തണലായും ഒപ്പം നിന്നവർ.... എല്ലാവരുടെയും വാക്കുകൾ ഇവിടെ പ്രതിപാദിക്കുവാൻ കഴിഞ്ഞില്ലെങ്കിലും... ഈ കൊച്ചു വാക്കുകളിലൂടെ ചിത്രങ്ങളിലൂടെ നമുക്കീ നാളുകളിലേക്ക് കണ്ണോടിക്കാം.... ഈ കൊച്ചു സ്മരണികയിലേക്ക് സന്ദേശങ്ങൾ ലേഖനങ്ങൾ പരസ്യങ്ങൾ, നിർദ്ദേശങ്ങൾ എന്നിവയിലൂടെ ഇതിന്റെ വിജയത്തിനായി കൂടെ നിന്ന എല്ലാവർക്കും ഈ സ്മരണിക ആദരപൂർവ്വം സമർപ്പിക്കുന്നു........

# ഒപ്പം നിന്നവർ



റവ. ഫാ. ജോർജ്ജ് തളിയപറമ്പിൽ സി.എം.ഐ



റവ. ഫാ. ജോയ് വൈദ്യക്കാരൻ സി.എം.ഐ



റവ. ഫാ. ജോൺ ബോസ്കോ സി.എം.ഐ



റവ. ഫാ. ജോസ് പയ്യപ്പിള്ളി സി.എം.ഐ



റവ. ഫാ. ആന്റണി തളിയപറമ്പിൽ സി.എം.ഐ



റവ. ഫാ. ആന്റണി പയ്യപ്പിള്ളി സി.എം.ഐ



റവ. ഫാ.ജോസ് എടുത്തൻ സി.എം.ഐ



റവ. ഫാ. ഡോ. ജോയ് വട്ടോലി സി.എം.ഐ

# ഒപ്പം നിന്നവർ



റവ. ഫാ. ജോർജ്ജ് തളിയപറമ്പിൽ സി.എം.ഐ



റവ. ഫാ. ജോയ് വൈദ്യക്കാരൻ സി.എം.ഐ



റവ. ഫാ. ജോൺ ബോസ്കോ സി.എം.ഐ



റവ. ഫാ. ജോസ് പയ്യപ്പിള്ളി സി.എം.ഐ



റവ. ഫാ. ആന്റണി തളിയപറമ്പിൽ സി.എം.ഐ



റവ. ഫാ. ആന്റണി പയ്യപ്പിള്ളി സി.എം.ഐ



റവ. ഫാ.ജോസ് എടുത്തൻ സി.എം.ഐ



റവ. ഫാ. ഡോ. ജോയ് വട്ടോലി സി.എം.ഐ

അഭിവൃദ്ധിക്കുവേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചവരാണ്. ഞങ്ങളുടെ വ്യക്തി ജീവിതത്തിലും ആദ്ധ്യാത്മിക ജീവിതത്തിലും വളരെയധികം മാറ്റങ്ങൾ വരുത്തുവാൻ ഇവർ സഹായിച്ചിരുന്നു. അതുപോലെതന്നെ യൂണിറ്റിന്റെ ആരംഭം മുതൽ ഇന്നുവരെയും യൂണിറ്റ് മാനേജരായി സേവനം തുടർന്നു കൊണ്ടിരിക്കുന്നത് ലൈസമ്മ ചേച്ചിയാണ്. ലൈസമ്മ ചേച്ചിയുടെ കരങ്ങളിൽ ഈ യൂണിറ്റ് സുരക്ഷിതമാണ് യൂണിറ്റിന്റെ പ്രവർത്തനങ്ങളിൽ ആവശ്യമായ മറ്റു സഹായങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നത് ജോജ്ജു സാർ ആണ്. യൂണിറ്റു തുടങ്ങി ഇതുവരെയുള്ള കാലഘട്ടത്തിൽ 85 ഓളം പേർ ഇവിടെ ജോലി ചെയ്തിട്ടുണ്ട്. പലരും വിവാഹം കഴിഞ്ഞതോടെയും മക്കളെ നോക്കുന്നതിനു വേണ്ടിയും മറ്റും ജോലി നിറുത്തി. ഇപ്പോൾ ഇവിടെ 25 പേർ ജോലി ചെയ്തു വരുന്നു. മുൻപു സൂചിപ്പിച്ചതുപോലെ ഞങ്ങളുടെ ജീവിതത്തിലെ പ്രധാന ആവശ്യങ്ങളിലും കെസ്സിന്റെ ഇടപെടലുകൾ മറക്കാനാവില്ല. ഞങ്ങളുടെ മക്കളുടെ വിദ്യാഭ്യാസത്തിനു വേണ്ടി യുവമിത്ര, വിവാഹ ആവശ്യത്തിനു വേണ്ടി വധുമിത്ര, വീടുനിർമ്മാണത്തിനു വേണ്ടി ഭവനമിത്ര തുടങ്ങിയ പദ്ധതികൾ ഞങ്ങൾക്ക് വളരെയധികം സഹായകമായിട്ടുണ്ട്. കൂടാതെ ഞങ്ങൾക്ക് കൂടുതൽ വരുമാനം ലഭിക്കുന്നതിനുവേണ്ടി കോഴി വളർത്തൽ, ആടുവളർത്തൽ, താറാവു വളർത്തൽ മുതലായവയ്ക്കു വേണ്ടി കുഞ്ഞുങ്ങളെയും അവയ്ക്കുള്ള കൂടും നൽകുകയും പലിശയില്ലാതെ ഞങ്ങളുടെ വരുമാനമനുസരിച്ച് തവണവ്യവസ്ഥയിൽ തിരിച്ചടക്കാനാകും വിധം സഹായങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. രാവിലെ 8.45ന് പ്രാർത്ഥനയോടുകൂടി ജോലി ആരംഭിക്കുകയും 5.30 ന് ജോലി അവസാനിപ്പിക്കുകയും ചെയ്യുന്നു. ഇ.എസ്.ഐയും പി.എഫും ഇവിടുത്തെ എല്ലാ ജോലിക്കാർക്കും ഉണ്ട്. രോഗാവസ്ഥയിലും, പ്രസവാവധിക്കും ശമ്പളത്തോടുകൂടിയ ഇ.എസ്.ഐ ലീവ് കിട്ടുന്നതും, 10 വർഷം ജോലി ചെയ്താൽ പി.എഫ് പെൻഷൻ കിട്ടുന്നതും ഞങ്ങൾക്ക് വളരെ ആശ്വാസമാണ്. ഓരോ വർഷത്തെയും വിറ്റുവരവനുസരിച്ച് 14% വരെ ബോണസ്സ് കിട്ടിയിട്ടുണ്ട്. കൂടാതെ ഓരോ വർഷത്തെയും ലാഭത്തിൽ നിന്നും വർഷാവസാനം ഇൻസെന്റീവും ലഭിക്കുന്നു. കൂടാതെ കെസ്സ് ഡേ, ഓണം, ക്രിസ്തുമസ്സ് തുടങ്ങിയ പ്രധാന  ആഘോഷങ്ങളെല്ലാം കെസ്സിനോടു ചേർന്നു കൊണ്ട് ആഘോഷിക്കുന്നു. ഓരോ ആഘോഷത്തിനും  ഞങ്ങൾ പ്രായം പോലും മറന്ന് പങ്ക് ചേരാറുണ്ട്. സ്റ്റേജിൽ കയറാൻ പറ്റാത്ത വിഷമം കെസ്സിന്റെ സ്റ്റേജിൽ ഞങ്ങൾ കളിച്ചു തീർക്കുന്നു. എല്ലാ വർഷവും ഞങ്ങൾ എല്ലാവരും ഒരുമിച്ച് വിനോദ യാത്ര പോകുന്നു. അങ്ങനെ പല സ്ഥലങ്ങളും ഞങ്ങൾക്ക് കാണാൻ സാധിച്ചിട്ടുണ്ട്. ഒരിക്കലും സ്വപ്നം കാണാൻ പോലും കഴിയാത്തതാണ് ആകാശയാത്ര. അതും ഞങ്ങൾക്ക് ഇവിടെ വന്നതുകൊണ്ട് സാധ്യമായി. ജോലി സംബന്ധവും കുടുംബസംബന്ധവുമായ എല്ലാ ടെൻഷനുകളിൽ നിന്നും ഒഴിഞ്ഞ് ആ ദിവസം ഞങ്ങൾ ആഘോഷിക്കും. സമൂഹത്തിലെ പലതുറകളിലും പ്രഗത്ഭരായ വ്യക്തികളുടെ ബോധവൽക്കരണ ക്ലാസുകൾ ലഭിക്കാറുണ്ട്. അതുമൂലം വളരെയധികം അറിവുകൾ നേടാൻ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്. വി.ഗാർഡിന്റെ എല്ലാ യൂണിറ്റുകളെയും ഉൾപ്പെടുത്തികൊണ്ട് വർഷം തോറും നടത്തിവന്നിരുന്ന ക്വാളിറ്റിസർക്കിളിൽ ഞങ്ങളും പങ്കെടുക്കാറുണ്ട്. ഞങ്ങളുടെ ജോലി സംബന്ധമായി ജോലി കൂടുതൽ എളുപ്പമാകത്തക്കവിധം ഓരോ ടൂളുകൾ ഞങ്ങൾ കണ്ടുപിടിക്കുകയും അത് ഒരു പ്രൊജക്ടായി വി.ഗാർഡിലെ സീനിയറായ എഞ്ചിനീയേഴ്സിനു മുമ്പിൽ അവതരിപ്പിക്കുകയും ചെയ്യും ഞങ്ങൾ അവതരിപ്പിച്ച എല്ലാ പ്രൊജക്ടുകളും നല്ല വിജയമായിരുന്നു. കൂടാതെ ക്വാളിറ്റി സർക്കിളിനോടനുബന്ധിച്ചു നടത്തുന്ന ഉപന്യാസ മത്സരം, പോസ്റ്റർ, സ്ലോഗൺ മുതലായവയിലും ഏറ്റവും കൂടുതൽ പോയിന്റുകൾ നേടി വിജയിക്കാറുണ്ട്. വി-ഗാർഡിന്റെ യൂണിറ്റുകളിൽ ഏറ്റവും കൂടുതൽ Production എടുക്കുന്നതും കൂടുതൽ Turn Over എടുക്കുന്നതും നമ്മുടെ യൂണിറ്റാണ് ക്വാളിറ്റിയിലും മുന്നിൽത്തന്നെ നിൽക്കുന്നു. കെസ്സ് കുടുംബം എന്നാണ് ഞങ്ങൾ ഈ യൂണിറ്റിനെ പറയുക. ഒരു കുടുംബത്തിലുള്ളതുപോലെ കളിചിരികളും ഇടയ്ക്ക് അല്പം കരച്ചിലും, അല്പം പരദൂഷണവുമൊക്കെയായി ഞങ്ങൾ കഴിയുന്നുണ്ട്. ഞങ്ങളിൽ ഒരാളുടെ സന്തോഷത്തിൽ ഞങ്ങൾ എല്ലാവരും സന്തോഷിക്കുകയും, ഒരാൾക്ക് സങ്കടമുണ്ടായാൽ എല്ലാവരും കൂടി ആ വ്യക്തിയെ ആശ്വാസിപ്പിക്കുകയും ചെയ്യുന്നു. ഞങ്ങൾക്ക് ഏറ്റവും സന്തോഷത്തോടെ പറയാനുള്ളത് കെസ്സിനും, വി-ഗാർഡിനും ഏറ്റവും അഭിമാനത്തോടുകൂടി പറയാവുന്ന ഒരു യൂണിറ്റായി ഈ 25 വർഷക്കാലം ഞങ്ങൾ നിലനിന്നു എന്നതാണ്. അതിൽ ഞങ്ങൾക്ക് വളരെ അഭിമാനവും സന്തോഷവും ഉണ്ട്

## വി. വി. എസ്എസിനെ കുറിച്ച്.........



ദാമ്പത്യ ജീവിതത്തിന്റെ ദൃഢതയും, വിശുദ്ധിയും കുടുംബങ്ങളുടെ കെട്ടുറപ്പിന് മങ്ങലേൽക്കാതെ വരണമെങ്കിൽ സാമ്പത്തിക വരുമാനം ഒരു പ്രധാന ഘടകം കൂടിയാണ്. ഇന്നത്തെ കാലഘട്ടത്തിൽ ഡബിൾ എഞ്ചിനിൽ നിന്നുള്ള വരുമാനം ഉണ്ടെങ്കിലെ ഒരു കുടുംബത്തിന് മുന്നോട്ടുപോകാൻ കഴിയുകയുള്ളു എന്ന നില വന്നിട്ടുണ്ട്.

ബാഹ്യാകാശത്തിൽ കണ്ണുവെച്ചുകൊണ്ടിരിക്കുന്ന ഇത്തരുണത്തിൽ പോലും പെൺക്കുട്ടിയേക്കാൾ ആൺകുട്ടികൾക്ക് മേൽക്കോയ്മ കൊടുത്തു കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ അതിനെല്ലാം പ്രതിമരുന്നായി പൗരുഷ്യം മാത്രം കാട്ടി സ്ത്രീകൾക്ക് വിലപേശുന്ന ഈ അവസ്ഥയെ നേരിടാൻ ഒരു പ്രധാന പോംവഴിയായി കാണുന്നത് സ്ത്രീ വരുമാനം തന്നെയാണ്. അവർക്ക് തൊഴിലവസരം കൊടുക്കുകയാണെങ്കിൽ അവരിൽ തന്നെ ഒരു സ്വാശ്രയത്വം കൈവരിക്കുകയും, തുല്യപങ്ക് ഉറപ്പാക്കുവാൻ സാധിക്കുകയും കുട്ടികളുടെ വിദ്യാഭ്യാസം , യഥാസമയമുള്ള പോഷകാഹാരം, സമയാസമയങ്ങളിലെ ഭക്ഷണ സാധ്യത, കുടുംബത്തെ അടുക്കും ചിട്ടയോടും കുടി കൊണ്ടുനടക്കൽ, ഉപകരണത്തിന്റെയും ഭൗതികവസ്തുക്കളുടെയും മാനദണ്ഡത്തിൽ ഭാര്യ ഭർത്തൃ സന്തുലിത കൈവരിക്കുകയും ചെയ്യാവുന്നതാണ്, ഇതെല്ലാം മുന്നിൽ കണ്ടുകൊണ്ട് സാമൂഹ്യ സേവനരംഗത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സന്നദ്ധ സംഘടനയായ കെസ്സ്, അതിന്റെ മുൻ പ്രൊവീൻഷ്യാളും ഒരു സാമൂഹിക ആത്മീയ സേവകനുമായിരുന്ന ഫാ. വൈന്തലയുടെ പേരിൽ ഒരു സംഘടന സ്ത്രീകൾക്കു മാത്രമായി 'ഫാ. വൈന്തല വനിതാ സർവീസ് സൊസൈറ്റി ' എന്ന പേരിൽ അന്നത്തെ കെസ്സ് അധികാരികൾ രൂപം കൊടുക്കുകയാണ് ചെയ്തത്. ഈ സംഘടന ഇന്ന് താങ്ങും തണലുമായി പാവപ്പെട്ട സ്ത്രീകൾക്ക് ജാതിമത ഭേതമന്യേ ഒരു സ്ഥിരവരുമാനമുണ്ടാക്കി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ഈ സംഘടനയുടെ 25-ാം വാർഷികം വളരെ അഭിമാനിക്കാവുന്നതും, അതോടൊപ്പം ആ മേഖലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന എല്ലാ അംഗങ്ങളെയും, മുക്തകണ്ഡം പ്രശംസിക്കുകയും, ആശംസിക്കുകയും, ശക്തമായ വളർച്ചക്കു വേണ്ടി സർവ്വശക്തനോട് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും, അനുമോദിക്കുകയും ചെയ്തുകൊണ്ട് ഈ ചിന്തകൾ സമർപ്പിക്കുന്നു.

റാഫേൽ പി. എ
കോ-ഓർഡിനേറ്റർ, കെസ്സ്



സ്നേഹത്തിലും സഹോദര്യത്തിലും അധിഷ്ഠിതമായി നീതി പുലർത്തുന്ന ഒരു സമൂഹത്തെ രൂപപ്പെടുത്താൻ സാധിച്ച ഫാ.വൈന്തല വനിതാ സർവീസ് സൊസൈറ്റിക്ക് രജത ജൂബിലി മംഗളാശംസകൾ നേരുന്നു. സ്ത്രീകളുടെ വികസനവും കുടുംബഭദ്രതയും മുന്നിൽ കണ്ടുകൊണ്ട് സാമൂഹ്യ പ്രതിബദ്ധതയുടെ ഉദാത്ത നിറകുടമായി മാറുവാൻ ഈ വനിതാ സംരംഭത്തിന് സാധിച്ചിട്ടുണ്ട്. സ്ത്രീമനസുകളിൽ കുടികൊള്ളുന്ന ഒരായിരം സ്വപ്നങ്ങൾക്ക് ചിറകുപകരുവാൻ അവരുടെ ജീവിത വഴികളിൽ ഒരു ആശ്വാസമായി മാറുവാൻ സാധിച്ച ഈ സംഘടനയുടെ എല്ലാ ഭാവിപ്രവർത്തനങ്ങൾക്കും സ്മരണിക പ്രസിദ്ധീകരണത്തിനും ആശംസകൾ നേരുന്നു.

ജോജു ഫ്രാൻസിസ്



സമൂഹത്തിലെ സ്ത്രീ സമൂഹത്തിന്റെ വികസനം ലക്ഷ്യമാക്കി പ്രവർത്തിച്ച ഫാ. വൈന്തല വനിതാ സർവീസ് സൊസൈറ്റി 25 വർഷം പൂർത്തീകരിക്കുകയാണ്. സ്ത്രീകളെ പിന്നോക്കം നിർത്തി കാണുന്ന സമൂഹത്തിന്റെ കാഴ്ചപ്പാടിന് ശാക്തീകരണത്തിലൂടെ ഉത്തരം നൽകാൻ കഴിയുന്ന ഉത്തമമാതൃകകളാണ് ഇത്തരം സംരംഭങ്ങൾ. ഐക്യവും സഹകരണവും ഉണ്ടാകുമ്പോൾ അതിശയകരമായ കാര്യങ്ങൾ നേടാൻ കഴിയും എന്ന് തെളിയിച്ചു കാണിച്ച വി. വി. എസ്. എസ് യൂണിറ്റിലെ എല്ലാ അംഗങ്ങൾക്കും എന്റെ ജൂബിലി ആശംസകൾ നേരുന്നു

സുമി റാഫേൽ
ക്വാളിറ്റി കൺട്രോളർ

## എന്റെ വി.വി.എസ്.എസ് അനുഭവങ്ങൾ

സമൂഹത്തിലെ താഴ്ന്ന വരുമാനക്കാരും അസംഘടിതമായ വനിതകളെയും സംഘടിപ്പിച്ച്, ആവശ്യമായ ബോധവൽക്കരണവും തൊഴിൽ പരിശീലനവും നൽകി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിച്ച്, അവരുടെ അഭിവൃദ്ധിയും തദ്വാര നാളിന്റെ പുരോഗതിയും ലക്ഷ്യമാക്കിക്കൊണ്ട് രൂപം നൽകിയ ഈ സ്ഥാപനം അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണമായി നിർവ്വഹിക്കാൻ കഴിഞ്ഞു എന്നത് സ്വാഗതാർഹമാണ്. 25 വർഷംകൊണ്ട് 100ഓളം വനിതകൾക്ക് ജോലി നൽകി 100 കുടുംബങ്ങളെ ഉയർത്തി കൊണ്ടു വരുവാൻ സഹായകമായിട്ടുണ്ട്. കരുണയും കരുതലും സമന്വയിപ്പിക്കുന്ന സ്നേഹം നൽകി കൊണ്ട് കെസ്സ് രൂപം കൊടുത്ത ഈ സൊസൈറ്റി ഇന്ന് 25 വർഷത്തിന്റെ ജൂബിലി ആഘോഷിക്കുമ്പോൾ കെസ്സിനോടുള്ള നന്ദി പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്. എക്കാലവും സമൂഹത്തിന്റെ പരിണാമ പ്രക്രിയയിൽ പങ്കുചേരാനും നവകാലീനമാറ്റങ്ങളോട് പ്രത്യുത്തരിക്കാനും , സാമൂഹികവും, സാംസ്കാരികവുമായ മുന്നേറ്റങ്ങൾക്കെല്ലാം വഴി നടത്തുന്നതിനും കെസ്സ് ഒപ്പമുണ്ടായിരുന്നു. ഇവിടുത്തെ ജോലിക്കാരുടെ അർപ്പണ മനോഭാവവും, സ്നേഹവും, ഐക്യവും എല്ലാറ്റിനും ഉപരി ദൈവാനുഗ്രഹവുമാണ് ഈ സ്ഥാപനത്തെ ഇവിടെ വരെ എത്താൻ സഹായിച്ചത്. ഈ സ്മരണിക ഒരുക്കുന്നതിന് സഹായിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. പ്രത്യേകിച്ച് കെസ്സ് സെക്രട്ടറി ഡോ. ജോയ് വട്ടോലി അച്ചനേയും ഒപ്പം പ്രവർത്തിച്ച ആൻ മേരിക്കും, രേഷ്മക്കും ഹൃദയം നിറഞ്ഞ നന്ദി.

ലൈസമ്മ തോമസ്സ്
മാനേജർ

## വി.വി.എസ്.എസ് രജത ജൂബിലി ആഘോഷങ്ങളിലൂടെ

സന്തോഷത്തിന്റെയും അഭിമാനത്തിന്റെയും വർഷമാണ് ജൂബിലി വർഷം. കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനും ഒരു കൂട്ടം സ്ത്രീകൾക്ക് തണലായി മാറുന്നതിനും ഫാ. വൈന്തല വനിത സർവ്വീസ് സൊസൈറ്റിയ്ക്ക് സാധിച്ചു. ഒരു നീരുറവയുടെ ഹൃദയ സ്പന്ദനത്തോടെ ഉത്ഭവിച്ച് വിസ്തൃതിയാർന്നൊരു നദിയായി വളരാൻ ലക്ഷ്യം വച്ചു കൊണ്ടുള്ള ഞങ്ങളുടെ സേവന മേഖലകൾ സുതാര്യവും ലളിതവുമാണ്.

**1) ദുരിതാശ്വാസ പ്രവർത്തനങ്ങൾ;** ആലപ്പുഴ, തൃശ്ശൂർ, എറണാകുളം ജില്ലകളിലെ പ്രളയബാധിത മേഖലയിൽ ദുരിതമനുഭവിച്ചിരുന്ന അനേകം കുടുംബങ്ങൾക്ക് സഹായ ഹസ്തമായി മാറുവാനും, മഴയുടെ രൗദ്രഭാവത്തിന്റെ മുന്നിൽ പകച്ച്, പ്രതീക്ഷകൾ നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പിൽ അധിവസിച്ചിരുന്ന ജനങ്ങൾക്ക് കിറ്റുകൾ തയ്യാറാക്കി വിതരണം ചെയ്യുവാനും ആശ്വാസമേകുവാനും യൂണിറ്റ് അംഗങ്ങൾക്ക് സാധിച്ചു.

**2) ക്യാൻസർ രോഗികൾക്ക് സഹായം :** ഇന്ന് മനുഷ്യരാശിയെ നിരാശയുടെ വക്കിലേക്ക് നയിച്ചു കൊണ്ടിരിക്കുന്ന മാരകരോഗമാണ് ക്യാൻസർ. ക്യാൻസർ രോഗത്തിന്റെ പിടിയിൽ അകപ്പെട്ടു വേദനയനുഭവിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന, ഒരു തരത്തിലുള്ള പുരോഗതിയും ഇല്ലാതെ ജീവിതം തള്ളി നീക്കുന്ന ഒരു വിഭാഗം ഇവിടെ ജീവിക്കുന്നുണ്ടെന്ന അറിവ് വി. വി. എസ്. എസിലെ ഓരോ അംഗങ്ങളുടെയും മനസ്സിലേക്ക് ആഴ്ന്നിറങ്ങി. അതിന്റെ ഫലമായി യൂണിറ്റംഗങ്ങൾ ക്യാൻസർ രോഗികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും മാനസികവും

സാമ്പത്തികവും സാമൂഹികവുമായ സുസ്ഥിതി മുന്നിൽ കണ്ടുകൊണ്ട്, ധന സമാഹരണ മാർഗത്തിലൂടെ അവർക്ക് കാരുണ്യത്തിന്റെ കൈത്താങ്ങായി മാറുവാൻ ഇടയായി.

**3) മെഡിക്കൽ ക്യാമ്പ് :** അർപ്പണ മനോഭാവത്തോടെയുള്ള കൂട്ടായ പ്രവർത്തനത്തിന്റെ അടുത്ത ചുവടുവയ്പ്പായിരുന്നു മെഡിക്കൽക്യാമ്പ്. യൂണിറ്റ് അംഗങ്ങൾ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് രോഗങ്ങളാൽ കഷ്ടപ്പെട്ടിരുന്ന രോഗികളെ കണ്ടെത്തി അവരെ വിദഗ്ദ്ധ ഡോക്ടർമാർ അടങ്ങുന്ന മെഡിക്കൽ ക്യാമ്പിലേക്ക് എത്തിക്കുകയും സൗജന്യ പരിശോധനയ്ക്കു വിധേയമാക്കുകയും അതോടൊപ്പം സൗജന്യമായി മരുന്നുകൾ നൽകുകയും ചെയ്തു.

**4) ജൈവ സംസ്കാര പ്രവർത്തനം :** പ്രകൃതിയെ പരിപാലിക്കുന്നതിനും, അടുത്ത തലമുറക്കു കൈമാറി കൊടുക്കാൻ വിധം സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ടതിനെക്കുറിച്ചും, ജൈവകൃഷിരീതികൾ അവലംബിക്കേണ്ട ആവശ്യകതകളെക്കുറിച്ചും സമൂഹത്തിൽ എത്തിക്കുക എന്ന മഹത്തായ ദൗത്യത്തിന്റെ ഭാഗമായി മാറുവാൻ ഈ സ്ത്രീസമൂഹത്തിന് സാധിച്ചു. ജൈവകൃഷി രീതികൾ, പരിശീലന ക്ലാസ്സുകളിലൂടെ ഹ്രസ്വമാക്കുകയും, ഗ്രീൻ ആർമിയിൽ അംഗത്വം നേടുകയും, ഭക്ഷ്യസുരക്ഷയെ അടിസ്ഥാനമാക്കിയുള്ള ബോധവത്ക്കരണ ക്ലാസ്സിൽ പങ്കുചേരുകയും ചെയ്തു. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ സംരക്ഷണത്തിന് മുഖ്യസ്ഥാനം നൽകി കൊണ്ട് ജൈവ സംസ്ക്കാര പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമായി വി.വി.എസ്. എസിലെ അംഗങ്ങൾ.

**5) ബോധവത്ക്കരണ പരിപാടികൾ;** സ്ത്രീ സമൂഹത്തിന്റെ പുരോഗതിയ്ക്ക് അവർക്കർഹമായ ആനുകൂല്യങ്ങളും അവകാശങ്ങളും സ്വായത്തമാക്കുക, കുടുംബജീവിതത്തിൽ ഭദ്രതയുളവാക്കുക, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വരുവാൻ അവരെ പ്രാപ്തരാക്കുക എന്നീ ലക്ഷ്യങ്ങളോടു കൂടി സ്ത്രീ ശാക്തീകരണം, കുടുംബ നവീകരണം സ്ത്രീകളുടെ അവകാശം എന്നിവയെ അടിസ്ഥാനമാക്കി കൊണ്ടുള്ള പ്രഗൽഭരായ വ്യക്തികളുടെ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയുണ്ടായി. സ്ത്രീ മനസ്സുകളിൽ കുടികൊള്ളുന്ന ഒരായിരം സ്വപ്നങ്ങൾക്ക് ചിറക് പകരുവാൻ ഇത്തരത്തിലുള്ള ബോധവത്ക്കരണ പരിപാടിയിലൂടെ സാധിച്ചു.

**6) ധനസഹായങ്ങൾ;** സമൂഹത്തിൽ അവശത അനുഭവിക്കുന്ന രോഗികൾക്ക് ചികിത്സാ സഹായവും നിർധന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായവും, വീടുപണി, വിവാഹം മുതലായ ആവശ്യങ്ങൾക്ക് ധനസഹായവും ഈ വനിതാ സംരംഭത്തിന്റെ വരുമാനത്തിൽ നിന്നും നൽകിവരുന്നു.

'ഒരു ദേശത്തിന്റെ പുരോഗതി എന്നത് സ്ത്രീയിലൂടെയാണ്' എന്ന രാഷ്ട്രപിതാവിന്റെ മഹത്‌വചനത്തെ സാധൂകരിക്കത്തക്ക വിധത്തിലുള്ള വലിയ നേട്ടങ്ങൾക്കാണ് ഈ സംരംഭം സാക്ഷ്യം വഹിച്ചത്. തുടർന്നും സമൂഹത്തിന് നന്മയും പ്രഭയും ചൊരിഞ്ഞുകൊണ്ട് ചുറ്റുമുള്ളവർക്ക് ആശ്വാസമായി പ്രവർത്തിക്കുവാൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ.

# സ്ത്രീ ശാക്തീകരണവും സന്നദ്ധ സംഘടനകളും

പരിമിതികളിൽ പെട്ടുഴറാതെ സ്വയം തീരുമാനം എടുത്ത് മുന്നേറുവാൻ സ്ത്രീയെ ശക്തമാക്കേണ്ടത് നമ്മുടെ ദേശത്തിന്റെ സമഗ്ര വികസനത്തിന് അനിവാര്യമാണ്. ശാക്തീകരണം വെറും സാമ്പത്തിക- ശാരീരിക - അവകാശ ശാക്തീകരണത്തിൽ മാത്രം ഒതുങ്ങി നിൽക്കേണ്ടുന്ന ഒന്നല്ല. സർവ്വോന്മുഖമായ ഒരു ശാക്തീകരണമാണ് ഒരു വ്യക്തിയെ ലക്ഷ്യത്തിലെത്തിക്കുക. സ്ത്രീ ശാക്തീകരിക്കപ്പെട്ടാൽ കുടുംബം ശാക്തീകരിക്കപ്പെടും, കുടുംബം ശാക്തീകരിക്കപ്പെട്ടാൽ സമൂഹം ശാക്തീകരിക്കപ്പെടും. സ്ത്രീയെ അബലയായി കാണുന്നതിന് പകരം അവർക്ക് ആവശ്യമായ പിന്തുണ നൽകി ഇച്ഛാശക്തിയുള്ള സമൂഹത്തിന് മാതൃകകളാകുന്ന സ്ത്രീകളാക്കി മാറ്റുക എന്നത് വ്യക്തികളുടേയും സംഘടനകളുടേയും ഉത്തരവാദിത്വമാണ്. സമൂഹത്തിന്റെ ഏറ്റവും ചെറിയ യൂണിറ്റായ കുടുംബത്തിന്റെ പ്രകാശത്തിന് നിദാനമായിരിക്കുക അമ്മയെന്ന, സ്ത്രീയെന്ന  പുണ്യമാണ്.

**സന്നദ്ധ സംഘടനകൾ**

സമൂഹത്തിന്റെ നന്മ ലക്ഷ്യംവച്ചുള്ള സുമനസ്സുകളുടെ ഒരു കൂട്ടായ്മക്ക് നിയമപരമായ അംഗീകാരം ലഭ്യമാകുന്നതോടെയാണ് ഒരു സന്നദ്ധ സംഘടന രൂപം കൊള്ളുന്നത്. വ്യക്തിപരമായ ലാഭങ്ങൾക്കും അപ്പുറം സാമൂഹിക നന്മ ലക്ഷ്യം വച്ചുകൊണ്ട് ഒത്തു കൂടുന്ന വ്യക്തികൾക്ക് സർക്കാർ നൽകുന്ന നിയമപരമായ സംരക്ഷണം തികച്ചും അർത്ഥവത്താണ്. നല്ലൊരു ശതമാനം സന്നദ്ധ സംഘടനകളും ലക്ഷ്യത്തിലേക്ക് ആവേശത്തോടെ പ്രയാണം ചെയ്യുന്നവയാണ്. അടുക്കും ചിട്ടയോടും കൂടെ നിയമങ്ങളെ ബഹുമാനിച്ച് മുന്നേറുന്ന സംഘടനകൾ എന്നും നാടിന് മുതൽ കൂട്ടാണ്, അനുഗ്രഹമാണ്. ജനങ്ങളുമായി ഇടപെടുകയും അവരുടെ വിഷമങ്ങളറിഞ്ഞ് അതിന് ഒരു പ്രതിവിധിക്കായി ഒത്തു ചേരുന്നവരുടെ കൂട്ടായ്മ ആയതുകൊണ്ടു തന്നെ ജനങ്ങളുടെ പ്രശ്നങ്ങളെ മനസ്സിലാക്കി അവയ്ക്കുള്ള ശരിയായ പരിഹാരം കണ്ടെത്തുവാൻ ഇത്തരം സംഘടനകൾക്ക് ആകുന്നു. ഒറ്റപ്പെട്ടു പോയവർക്ക് സുമനസ്സുകളുടെ സാമീപ്യവും സമ്പർക്കവും ഒരു അനുഗ്രഹവും ജീവൻ നൽകുന്നതുമാണ്. സാമ്പത്തികമായ സഹായങ്ങൾക്കുപുറമേ തങ്ങളുടെ ജീവിതാവസ്ഥയിൽ കൂടെ നിൽക്കുവാൻ ആരെങ്കിലും ഉണ്ട് എന്നുള്ള ബോധ്യം ധൈര്യം നൽകുന്നതാണ്.

സന്നദ്ധ സംഘടനകളുടെ ഈ പ്രയാണത്തിൽ ഒരു മനസ്സോടെ പ്രവർത്തിക്കുന്ന സർക്കാർ ഉദ്യോഗസ്ഥരും വലിയ ഒരു അനുഗ്രഹമാണ്. സർക്കാരിന്റെ നിയമ സംരക്ഷണവും മറ്റ് സഹായങ്ങളും യഥാവിധി ലഭ്യമാക്കുകയും ജനനന്മയ്ക്കു വേണ്ടി പ്രവർത്തിക്കുകയും സഹായിക്കുകയും ചെയ്യുന്ന നല്ല സർക്കാർ ജീവനക്കാർ കൂടി ഒത്തു ചേരുകയും ചെയ്യുമ്പോൾ ലക്ഷ്യ പ്രാപ്തി സുഖമമാകുന്നു. സംഘടനകൾ വലുതോ ചെറുതോ ആകട്ടെ അവയിലൂടെ കൈവരുന്ന  എണ്ണിയാൽ ഒടുങ്ങാത്ത നന്മകൾ, വ്യക്തികളുടേയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും വികസനത്തിന് അടിസ്ഥാനമാണ്. ആൾകൂട്ടത്തിൽ

തനിച്ചായവർക്ക് ലഭിച്ച സാമ്പത്തിക സഹായങ്ങൾ കൂടെ നിന്ന് അവരെ മനസ്സിലാക്കിയ സ്ഥാപനങ്ങളുടെ സംഭാവനകളായിരുന്നു എന്നാണ് തിരിഞ്ഞു നോക്കുമ്പോൾ തെളിഞ്ഞ് കാണുന്നത്, കൈ നിറഞ്ഞ പണമല്ല, മനസ്സ് നിറഞ്ഞ സ്നേഹമാണ് ജീവിതത്തിന് ആവേശം നൽകുക. സർക്കാരും സുമനസ്സുകളും ഒന്നായി ഒരേ മനസ്സോടെ പ്രവർത്തിക്കുമ്പോൾ സമൂഹം നന്നാവും 'ഒന്നായാൽ നന്നായി, നന്നായാൽ ഒന്നായി' എന്ന കുഞ്ഞുണ്ണി കവിത അനുസ്മരിച്ച്, എല്ലാ മനസ്സുകളും നന്നാവട്ടെ ഒന്നായി പ്രവർത്തിക്കാനാകട്ടെ, കക്ഷി രാഷ്ട്രീയങ്ങൾക്കും മതങ്ങൾക്കും വർഗ്ഗ വർണങ്ങൾക്കും അധീതമായി പ്രവർത്തിക്കട്ടെ. ആരും എല്ലാവരെയുംക്കാൾ വലിയവരല്ല, ഒരുവനും ഒരു കൂട്ടത്തെക്കാൾ വലിയവനല്ല. ഒരുമയാകട്ടെ സർവ്വരുടെയും ലക്ഷ്യം.

**വെല്ലുവിളികൾ**

സംഘടനകൾ ക്ഷയിച്ചു പോവുകയോ ക്ഷീണിച്ച് പോവുകയോ ചെയ്യുന്നത് ഇടവഴിയിൽ സമൂഹത്തെ മറന്ന് സ്വയം നന്മയ്ക്കായി സ്വമനസ്സാലേയോ, വികല മനസ്സുകളുടെ പ്രേരണയാലോ പ്രവർത്തിക്കാൻ പ്രേരിപ്പിക്കപ്പെടുമ്പോഴാണ്. ക്ഷീണിച്ച് പോകുന്നതിന് പലപ്പോഴും കാരണമാവുക നിയമപരമായ ഭാഗത്തുനിന്ന് ഏറി വരുന്ന പ്രശ്നങ്ങളാണ്. ഒരു പക്ഷേ സങ്കുചിത മനസ്സുകളുടെ ഉടമയായവർ സർക്കാർ സംവിധാനങ്ങളിലൂടെ നൽകപ്പെട്ട പ്രവർത്തന ആനുകൂല്യങ്ങളെ ചൂഷണം ചെയ്യുന്നു. അങ്ങനെയുള്ളവരെ ചൊൽപടിക്ക് കൊണ്ടുവരാൻ നിയമങ്ങൾ കാർക്കശ്യമാക്കുമ്പോൾ ക്ഷീണിച്ച് പോകുന്നവയുമുണ്ട്. ഇനിയും നിയമനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ശരിയായ ധാരണകൾ ഇല്ലാതെ രൂപം കൊടുക്കുന്ന നിയമഭേദഗതികളും നിയന്ത്രണങ്ങളും അവയാൽ നഷ്ടമാക്കപെടുന്ന സമയങ്ങളും സാമ്പത്തിക നഷ്ടങ്ങളും സംഘടനകളുടെ ലക്ഷ്യപ്രാപ്തിക്ക് തടസ്സമാവുകയും ക്ഷീണിച്ചു പോവുകയും ചെയ്യുന്നു.

നിയമഭേദഗതികൾ പ്രായോഗിക തലത്തിലെത്തിക്കാൻ സഹായിക്കേണ്ട സർക്കാർ ഉദ്യോഗസ്ഥരുടെ നിസ്സംഗതയും ദാർഷ്ട്യഭാവങ്ങളും കാരണമില്ലാതെയുള്ള മടക്കി അയക്കലുകളും വ്യക്തമാക്കപെടാത്ത നിയമങ്ങളും അതിന് ഉദാഹരണങ്ങളാണ്. സാങ്കേതിക മികവ് ഇത്തരം സംഘടനകളിലേക്ക് കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ഇവിടെയാണ്. സാങ്കേതികത്വം അതിന്റെ പ്രവർത്തനത്തിന്റെ നിഷ്കളങ്കത്വത്തേയും നേർമ്മയേയും പലപ്പോഴും തകർത്തു കളയാറുണ്ട്. വലിയ സംവിധാനങ്ങളുള്ള സന്നദ്ധ സംഘടനകൾക്കാണ് ഇവിടെ പലപ്പോഴും പിടിച്ചു നിൽക്കാൻ സാധിക്കുക. ബലവാൻമാർ, നന്മനിറഞ്ഞ മനസ്സോടെ കാരുണ്യത്തോടെ പ്രവർത്തിക്കുന്ന പല സന്നദ്ധ സംഘടനകളേയും വിഴുങ്ങാൻ തുടങ്ങും.

റവ. ഫാ. ഡോ. ജോയ് വട്ടോലി സി.എം.ഐ
സെക്രട്ടറി, കെസ്സ്

## ‘സ്ത്രീ ശാക്തീകരണം അടുത്ത ചുവട് ?”

സ്ത്രീകളെയും, കുട്ടികളെയും ദൗർബല്യ വിഭാഗത്തിൽപ്പെടുത്തിയാണ് പല സാമൂഹിക സുരക്ഷ പദ്ധതികളും ആവിഷ്കരിക്കപ്പെടുന്നത്. സ്ത്രീത്വം ഒരർത്ഥത്തിലും ഒരു ദൗർബല്യമല്ല. ആ ഭാവം കൂടി ചേരുമ്പോഴേ ജീവിതം പൂർണമാകുന്നുള്ളു എന്ന് പറയുന്നത് വളരെ ശരിയാണ്. സ്വന്തമായി വരുമാനമാർഗ്ഗം ഇല്ലാത്ത സ്ത്രീകൾ കുടുംബിനികളായി ഒതുങ്ങികൂടുമ്പോൾ സ്വന്തം ആവശ്യത്തിന് ഭർത്താക്കൻമാരുടെ മുന്നിൽ കൈനീട്ടേണ്ട അവസ്ഥയാണ് ഉണ്ടാകുന്നത്. അതുകൊണ്ടാകാം, വനിതാ-ശിശു ക്ഷേമ വകുപ്പ് മന്ത്രിയായിരുന്ന ശ്രീമതി. കൃഷ്ണാ തിരുത്, ‘ഗൃഹഭരണം നടത്തുന്ന ഭാര്യമാർക്ക് ഭർത്താക്കന്മാർ അവരുടെ കഴിവനനുസരിച്ച് മാസശമ്പളം നൽകേണ്ടതാണ്” എന്ന ഒരു നിർദ്ദേശം സർക്കാരിന്റെ മുമ്പിൽ അവതരിപ്പിച്ചത്. സ്ത്രീ ഉന്നമനത്തിനായുള്ള സന്നദ്ധ സംഘടനകളുടെ പ്രശസ്തി ഇവിടെയാണ്. ലിംഗപദവികൾക്കും സ്ത്രീ ശാക്തീകരണത്തിനും മുൻഗണന നൽകുന്നതിനായി ‘പിങ്ക്” നിറത്തിൽ അച്ചടിക്കപ്പെട്ട സാമ്പത്തിക സർവെയിൽ, രാജ്യത്തെ കുടുംബങ്ങളിൽ പെൺകുട്ടികളുടെ സംഖ്യ 21 ദശലക്ഷത്തോളമായി സൂചിപ്പിക്കുന്നത്, പെൺഭ്രൂണഹത്യ നിയമം പ്രാപല്യത്തിൽ ഉള്ളതിന്റെ ഒരു തെളിവായി കണക്കാക്കാം. എന്നിരുന്നാലും രാജ്യത്തെ ലിംഗാനുപാതത്തിൽ പുരുഷന്മാരാണു മുന്നിൽ എന്നതും ഒരു യാഥാർത്ഥ്യമാണ്. ബേട്ടി ബചാവോ ബേട്ടി പഠാവോ, പ്രസവാവധി നിയമം, സമൃദ്ധി സുകന്യ യോജന എന്നിവ സ്ത്രീ ശാക്തീകരണത്തിനായുള്ള സർക്കാരിന്റെ പദ്ധതികളിൽ മുന്നിട്ടു നിൽക്കുന്നു. കഴിഞ്ഞ 15 വർഷത്തിനുള്ളിൽ സമൂഹത്തിൽ സ്ത്രീകളുടെ അവസ്ഥ, പങ്കാളിത്തം, ശാക്തീകരണം എന്നീ മാനദണ്ഡങ്ങളിൽ ഇന്ത്യ 17-ൽ 14 സൂചികങ്ങളിലും പുരോഗതി കൈവരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തികം, രാഷ്ട്രീയം, തൊഴിൽ, കുടുംബം തുടങ്ങിയ മേഖലകളിൽ സ്ത്രീ നേടിയ മുന്നേറ്റത്തിന്റെയും, സ്ത്രീ ശാക്തീകരണത്തിന്റെയും ഭാഗമായി എല്ലാ വർഷവും മാർച്ച് 8-ാം തിയ്യതി ആചരിക്കുന്ന അന്തരാഷ്ട്ര വനിതാ ദിനം പൊതുജനബോധം കൂടി ലക്ഷ്യമാക്കുന്നു.

വനിതാ ശാക്തീകരണ പ്രവർത്തനങ്ങൾ 100 വർഷം പിന്നിടുമ്പോൾ, ശൈശവ വിവാഹ നിരോധനം, ഗർഭനിരോധനം, നിയമവിധേയമായ ഗർഭച്ഛിദ്രം എന്നിവ നേട്ടങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും, വിദ്യാസമ്പന്നരായ കേരളത്തിൽ പോലും ഒരു സ്ത്രീ വിവാഹ മോചിതയാകുകയോ, വിധവ ആയതിനു ശേഷം സാമൂഹ്യ പ്രവർത്തനങ്ങളിൽ മുന്നിട്ടു നിൽക്കുമ്പോഴോ, എന്തിന് പ്രേമം നിരസിക്കുമ്പോൾ പോലും ഇന്നത്തെ ഈ ആധുനിക ലോകത്തിൽ സാമൂഹ്യ- മാധ്യമങ്ങളിലൂടെയും, ‘ആസിഡ്’ ആക്രമണങ്ങളിലൂടെയും സ്ത്രിയെ ഒതുക്കി തീർക്കാനും, ഇല്ലായ്മ ചെയ്യാനും ശ്രമിക്കുന്നതും ഈ തലമുറയിലെ പുതിയതരം പുരുഷ മേധാവിത്തത്തിനുള്ള തുടക്കമൊണോ എന്ന് ഒരു ആശങ്ക ബാക്കി നിൽക്കുന്നു. ഈ സാഹചര്യത്തിൽ, എല്ലാ സ്ത്രീകൾക്കും, പുരുഷന്മാർക്കും അവരുടെ കുട്ടികൾ “പെണ്ണോ”, “ആണ്ണോ” ആകട്ടെ, അവർക്ക് വിദ്യാഭ്യാസം നൽകുന്നതിനോടൊപ്പം മാനുഷിക മൂല്യങ്ങൾ കൂടി മനസ്സിലാക്കി കൊടുക്കുവാനും, ഉത്തമ പൗരന്മാരാക്കി വളർത്താനും, പരസ്പരം ബഹുമാനത്തോടെയും, ആദരവോടെയും പെരുമാറാൻ അറിയുന്ന ഒരു നല്ല തലമുറയെ വാർത്തെടുക്കാൻ സാധിക്കട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.

ശുഭിത മേനോൻ. യു
സാമൂഹിക പ്രവർത്തന വിഭാഗം മേധാവി
മേഴ്സി കോളേജ്, പാലക്കാട്

# സ്ത്രീകളും ആരോഗ്യവും.

സ്ത്രീകളുടെ ആരോഗ്യ സംരക്ഷണം സമൂഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്തം ആയി മാറുന്നത് - ജനിച്ചു വീഴുന്ന ഒരോ പെൺകുഞ്ഞും ഭാവി തലമുറക്ക് ജന്മം നൽകേണ്ട അമ്മയാണ് എന്ന തിരിച്ചറിവിൽ നിന്നാണ്. ഗർഭധാരണവും മാതൃത്വവും ഏൽപിക്കുന്ന ശാരീരകമായ വെല്ലുവിളികളെ അതിജീവിക്കുന്ന സ്ത്രീകളെ 'അബല' എന്ന് വിളിക്കാൻ ബുദ്ധിമാന്ദ്യമുള്ളവർക്കേ സാധിക്കൂ. ഒരു അമ്മ എന്ന നിലയിൽ കുഞ്ഞിന്റെ വളർച്ചയിൽ സ്ത്രീ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. സമൂഹത്തിന്റെ നിലനിൽപ്പിന് തന്നെ അത്യന്താപേക്ഷിതമാണ് സ്ത്രീകളുടെ ആരോഗ്യസംരക്ഷണം.

ജനിക്കുന്നത് മുൻപ് തന്നെ ജീവന് വെല്ലുവിളി നേരിടേണ്ടി വരുന്ന ഒരു ജന വിഭാഗമാണ് സ്ത്രീകൾ. ആൺകുഞ്ഞിനെ മാത്രം ആഗ്രഹിക്കുന്ന മാതാപിതാക്കൾ പെൺ ഭ്രൂണത്തെ ഇല്ലായ്മ ചെയ്യുന്നതിനെ കാടത്തം എന്ന് മാത്രമേ വിശേഷിപ്പിക്കാൻ കഴിയൂ . പെൺകുഞ്ഞ് ജനിച്ചാൽ തന്നെ, ആൺകുട്ടികൾ ഉള്ള കുടുംബത്തിൽ ഒരു രണ്ടാം തരക്കാരായി ജീവിക്കേണ്ടി വരുന്ന മാനസിക ബുദ്ധിമുട്ട്, ആരോഗ്യ ആവശ്യങ്ങൾക്ക് തക്കതായ പരിഗണ ലഭിക്കാതിരിക്കൽ- ആഭിമുഖികരിക്കേണ്ട പ്രശ്നങ്ങൾ പലതാണ്. ആർത്തവത്തെ ശാരീരിക പ്രക്രിയയായി കണക്കാക്കാതെ അശുദ്ധിയായി കരുതുന്ന പല സമൂഹങ്ങളുണ്ട്. കൗമാരക്കാരായ പെൺകുട്ടികളിൽ കാണുന്ന മാനസിക പിരിമുറക്കങ്ങളും, വിളർച്ച മുതലായ ശാരീരകപ്രശ്നങ്ങളും ആരോഗ്യ സംവിധാനത്തിന്റെ സവിശേഷ ശ്രദ്ധ ആവശ്യപ്പെടുന്നു. സ്ത്രീകളിൽ കണ്ടു വരുന്ന അമിതഭാരം, PCOD മുതലായ അസുഖങ്ങൾക്കും ഗർഭധാരണ സംബന്ധമായ സങ്കീർണതകൾക്കും കാരണമായേക്കാം. ഗർഭധാരണ സമയത്തെ അമിതഭാരം, ഹോർമോൺ വ്യതിയാനങ്ങൾ, Hypertension Gestational Diabetes Mellitus എന്നിവ പ്രസവസമയത്തെ സങ്കീർണതകൾക്ക് വഴിവെക്കാം. പ്രസവ സമയത്തെ അമിത രക്തസ്രാവം ജീവനു ഭീഷണിയാണ്. കുഞ്ഞിന്റെ ആരോഗ്യത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാം. ഗാർഹിക പീഡനം നേരിടേണ്ടി വരുന്ന സ്ത്രീകളുടെ എണ്ണവും വിരളമല്ല. സ്ത്രീകളിൽ കാണുന്ന സ്തനാർബുദം, ഗർഭാശയഗള ക്യാൻസർ എന്നിവക്ക് കരുതൽ ആവശ്യപ്പെടുന്ന മേഖലയാണ്. പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതും അത്യാവശ്യമാണ്. Self Breast Examination ചെയ്യുന്നത് ചെറിയ തടിപ്പോ മുഴകളോ നേരത്തേ കണ്ടുപിടിക്കാൻ സഹായിക്കും. HPV കുത്തിവെയ്പ്പ് എടുക്കുന്നത് ഗർഭാശയഗള ക്യാൻസറിനെതിരേയുള്ള ശക്തമായപ്രതിരോധ നടപടി ആണ്.

സ്ത്രീകൾക്ക് പൊതുവെ പുരുഷൻമാരെക്കാൾ ആയുർദൈർഘ്യം കൂടുതലാണ്. പലപ്പോഴും വിധവയായി മാറേണ്ടിവരുന്നതും, ഒറ്റപ്പെടുന്നതും സാമൂഹിക യാഥാർത്ഥ്യമാണ്. അതിനാൽ വാർദ്ധക്യ സഹജമായ രോഗങ്ങൾ കൂടുതലായും സ്ത്രീകളിൽ കാണാൻ സാധ്യതയുണ്ട്. Alzheimer's disease പോലുള്ള രോഗങ്ങൾ വരുംകാലങ്ങളിൽ പ്രാചാരം കൂടാൻ സാധ്യതയുണ്ട്. സ്ത്രീകളുടെ വിവിധങ്ങളായ ആരോഗ്യ പ്രശ്നങ്ങൾ മനസ്സിലാക്കി, ബോധവൽക്കരണം നൽകേണ്ടതും, ഭാവി ഉൻമുഖമായ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതും ആരോഗ്യ ഭരണ സംവിധാനങ്ങളുടെ നിതാന്ത കരുതൽ ആവശ്യപ്പെടുന്ന മേഖലയാണ്.

ഡോ. ജോസ് വിൻസന്റ്
അസിസ്റ്റന്റ് പ്രൊഫസർ
അമല മെഡിക്കൽ കോളേജ്

# അമ്മ

വെറും രണ്ടക്ഷരം മാത്രമേ ഉള്ളൂവെങ്കിലും എന്തുമാത്രം ശക്തിയാണ് ആ പദത്തിന്. എത്ര മനോഹരമായ വാക്ക്. ഒരു മനുഷ്യായുസ്സ് മുഴുവൻ ത്യാഗ മനോഭാവത്തോടു കൂടി ഉരുകി തീർക്കുന്ന ജീവിതം. സ്വന്തം ഇഷ്ടങ്ങൾ ഒന്നുമില്ല. ഒന്നിനും പ്രധാന്യമില്ല. ഒരു കുരുന്നു ജീവൻ തന്റെ ഉള്ളിൽ തുടിക്കുന്നുവെന്ന് അറിയുന്ന നിമിഷം മുതൽ ആ ത്യാഗം ആരംഭിക്കും. പിന്നെ ഓരോ നിമിഷവും തന്റെ മക്കൾക്കു വേണ്ടി, അവരുടെ നന്മയ്ക്കു വേണ്ടി, തന്റെ താൽപര്യങ്ങളെക്കാളുപരി തന്റെ കുടുംബത്തിന്റെ താൽപര്യങ്ങൾക്ക് മുൻതൂക്കം നൽകിയുള്ള ജീവിതം.  വളരെ വേദന സഹിച്ച് കിടക്കുന്ന നിമിഷത്തിലും തന്റെ കുഞ്ഞിന്റെ ആദ്യത്തെ കരച്ചിൽ കേൾക്കുമ്പോൾ തളർന്ന് ക്ഷീണിച്ച മുഖത്ത് ഒരു പുഞ്ചിരി വിടരും. താനൊരു അമ്മയായതിന്റെ ചാരിതാർത്ഥ്യം മനസ്സിൽ നിറയും. കുഞ്ഞു വായിൽ നിന്ന് അമ്മ എന്നുള്ള വിളി ആദ്യമായി കേൾക്കുമ്പോൾ ലോകം മുഴുവൻ നേടിയ സന്തോഷം. പിന്നെ അവിടന്നങ്ങോട്ട് അവരുടെ ഓരോ കാൽ വയ്പിലും അമ്മയുടെ പിൻതുണയും ഒപ്പമുണ്ടാകും.  ജീവിതത്തിന്റെ പാതി വഴികളിൽ തനിച്ചായി പോകുന്ന അവസരങ്ങളിൽ ജീവിതനൗക മുന്നോട്ട് തുഴയാൻ അമ്മമാരെ പ്രേരിപ്പിക്കുന്നത് മക്കളുടെ നിഷ്കളങ്കമായ മുഖമാണ്. അവരെ ഒരു കരയ്ക്കെത്തിച്ചാലേ എനിക്ക് സമാധാനമുള്ളു എന്ന ചിന്തയാണ് ഓരോ അമ്മയുടെ മനസ്സിലും. തന്റെ മക്കളുടെ വിജയങ്ങളിൽ അവരെക്കാൾ കൂടുതൽ സന്തോഷിക്കുന്നതും പരാജയങ്ങളിൽ പതറാതെ തളരാതെ മുന്നോട്ട് പോകാൻ അവർക്ക് ശക്തി പകരുന്നതും അമ്മ എന്ന സ്നേഹ കടലാണ്. തങ്ങളുടെ ഉത്തരവാദിത്വങ്ങളിലേയ്ക്ക് മക്കൾ തിരിയുമ്പോൾ തങ്ങളുടെ കുടുംബത്തെ മുന്നോട്ട് നയിക്കാനുള്ള വ്യഗ്രതയിൽ നെട്ടോട്ടമോടുമ്പോൾ ഈ ലോക സുഖങ്ങൾക്കു പിന്നാലെ പായുമ്പോൾ നാം അവഗണിക്കരുത് ആ അമ്മ മനസ്സിനെ. കാരണം അപ്പോഴും അവർ നമ്മെ കുറ്റപ്പെടുത്താതെ എല്ലാം സഹിച്ച് തന്റെ മക്കൾക്കു വേണ്ടി സർവ്വേശ്വരനോട് പ്രാർത്ഥിക്കുകയാവും, "എന്റെ മക്കളെ ഒരാപത്തും വരാതെ കാക്കണെ" എന്ന്. ഉരുകി തീരുന്ന മെഴുകുതിരി പോലെ ഒരു ജന്മം മുഴുവൻ ജീവിച്ച് തീരുമ്പോൾ വെള്ളതൂവാല  കൊണ്ട് തന്റെ മുഖം മറയ്ക്കാനായി എത്തുമ്പോൾ പാതിയടഞ്ഞ ആ മിഴികളിൽ അപ്പോഴും നമുക്ക് കാണാം ഇനിയും ഒരായുസ്സു മുഴുവൻ തന്റെ മക്കൾക്കായി പകർന്ന് കൊടുക്കാനുള്ള സ്നേഹം. അപ്പോഴും ആ മിഴികളിൽ കാണുന്ന പ്രാർത്ഥന "എന്റെ മക്കളെ കാത്ത് കൊള്ളണെ" എന്നല്ലേ ആയിരിക്കാം. അങ്ങനെയല്ലാതെ ഒരമ്മയ്ക്ക് മറ്റെന്താണ് പറയാനുണ്ടാവുക.

**ലിൻസി ജോയ്**

## ഞങ്ങൾ കണ്ടറിഞ്ഞ വി.വി.എസ്.എസ്-ലെ ചേച്ചിമാർ

സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഫാ. വൈന്തല വനിത സർവീസ് സൊസൈറ്റിക്ക് കെസ്സിന്റെ സമ്മാനമായി ഒരു സ്മരണിക എന്ന സ്വപ്നം ഏറ്റെടുത്തുകൊണ്ടാണ് ഞങ്ങൾ വി.വി.എസ്.എസ്. യൂണിറ്റിലേക്ക് കടന്നു ചെന്നത്. അതിഥികളായിട്ടല്ല മറിച്ച് സ്വന്തം കുടുംബത്തിലെ അംഗങ്ങളായിട്ടാണ് യൂണിറ്റിലെ ഓരോരുത്തരും ഞങ്ങളെ സ്വീകരിച്ചത്. ആദ്യ ദിവസം തന്നെ ലൈസമ്മ ചേച്ചി യൂണിറ്റിനേയും യൂണിറ്റിലെ ഓരോരുത്തരേയും ഞങ്ങൾക്ക് പരിചയപ്പെടുത്തി തന്നു. പിന്നീടങ്ങോട്ട് ഞങ്ങളും ആ കുടുംബത്തിലെ അംഗങ്ങളായി മാറി. ഓരോ ദിവസങ്ങളും അവിടെയുള്ള ചേച്ചിമാരെ കൂടുതൽ അടുത്തറിയാനുള്ള വേദികളായിരുന്നു. വ്യത്യസ്തമായ ജീവിതാനുഭവങ്ങൾ ഞങ്ങൾ അടുത്തറിഞ്ഞു. കെസ്സ് എന്ന ചാരിറ്റബിൾ സൊസൈറ്റിക്ക് അവരുടെ ജീവിതത്തിലുള്ള പ്രാധാന്യം ഞങ്ങൾ തിരിച്ചറിഞ്ഞു. സാമ്പത്തികമായ പ്രതിസന്ധികൾ മൂലം പാതിവഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിച്ച് കുടുംബത്തിന് ഒരു കൈത്താങ്ങാവാനാണ് ഞങ്ങൾ പരിചയപ്പെട്ട ഭൂരിഭാഗം ചേച്ചിമാരും വി.വി.എസ്.എസ് യൂണിറ്റിലേക്ക് കടന്നുവന്നത്. അവരുടെ ജീവിതത്തിലെ ഏതൊരു പ്രതിസന്ധി ഘട്ടത്തിലും കെസ്സ് അവർക്ക് സഹായകമാണെന്ന് ഞങ്ങൾ മനസ്സിലാക്കി. ഭർത്താവിന്റെ അമിതമായ മദ്യപാനം മൂലം സമാധാനം നഷ്ടപ്പെട്ട പലർക്കും ഇവിടെനിന്ന് നല്കുന്ന കുടുംബശാക്തീകരണ ക്ലാസ്സുകൾ വഴി, ജീവിതത്തെ തളരാതെ പിടിച്ചുനിർത്തുന്നതിനുള്ള ശക്തി ലഭിക്കുന്നു. അതുപോലെ തന്നെ ഒരു വീട് എന്ന സ്വപ്നം കെസ്സ് നല്കുന്ന സാമ്പത്തിക സഹായത്താൽ പൂർത്തീകരിക്കാൻ സാധിച്ചു എന്ന് പലരും  പറഞ്ഞു കേട്ടപ്പോൾ അവരോടൊപ്പം ഞങ്ങളും സന്തോഷിച്ചു. മകളുടെ വിവാഹം നടത്താൻ സാമ്പത്തികമായി ഏറെ പ്രയാസപ്പെട്ട ഒരു കുടുംബത്തിന് അത് സാക്ഷാത്കരിക്കാൻ കെസ്സ് നടത്തിയ സാമ്പത്തിക സഹായങ്ങളെ കുറിച്ച് അറിഞ്ഞപ്പോൾ ഈ സ്ഥാപനത്തിന് തൊഴിലാളികളോടുള്ള ആത്മാർത്ഥതയെ കൂടുതൽ മനസ്സിലാക്കാൻ ഞങ്ങൾക്ക് സാധിച്ചു.

ആദർശങ്ങളിൽ നിന്ന് വ്യതിചലിച്ച് പോകുന്ന ഈ കാലഘട്ടത്തിൽ നേർവഴിയിലൂടെ സഞ്ചരിക്കാൻ ഇവിടെയുള്ള അംഗങ്ങളുടെ മക്കൾക്ക് ഇടവിട്ട കാലയളവിൽ നല്കുന്ന ബോധവത്കരണ ക്ലാസുകളും, ക്യാമ്പുകളും ഏറെ ഉപകാരപ്രദമാണ്. മാത്രമല്ല അവരുടെ മക്കളുടെ വിദ്യാഭ്യാസ ഉന്നമനത്തിനും ഭാവിയുടെ പൂർണതക്കും ഈ സ്ഥാപനം നല്കുന്ന സേവനങ്ങൾ അവർക്ക് ഏറെ സഹായകമാണ്. മക്കളുടെ ഭാവിക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾ തിരഞ്ഞെടുക്കാൻ സാധിച്ചത് കെസ്സ് നൽകിയ നിർദേശങ്ങളിലൂടെയാണെന്ന് പലരും തുറന്നുപറയുകയുണ്ടായി. ഓരോ ചേച്ചിമാർക്കും ഈ വി.വി.എസ്.എസ് യൂണിറ്റ് അവരുടെ കുടുംബം തന്നെയാണ്. ഓരോരുത്തരുടെയും ജീവിതത്തിലെ സുഖങ്ങളും ദു:ഖങ്ങളും പങ്കുവെക്കാനുള്ള വേദികൂടിയാണ് അവർക്ക് ഈ യൂണിറ്റിലെ ജോലി. ഇവിടെ നടത്തുന്ന കലാപരിപാടികളിലും മറ്റും പങ്കെടുക്കുന്നത് വഴി ജീവിതത്തിന്റെ യൗവ്വന കാലഘട്ടങ്ങളെ തിരിച്ചെടുക്കാൻ പലർക്കും സാധിക്കുന്നു. ഒരുമിച്ചുള്ള പ്രവർത്തനങ്ങളിലൂടെ ശക്തമായ സുഹൃത്ത്വലയം സൃഷ്ടിക്കാൻ അവർക്ക് കഴിഞ്ഞു. ഒരിക്കൽപോലും സാധിക്കില്ലെന്നു കരുതിപോന്ന പല സ്വപ്നങ്ങളും ഇവിടെ വന്നതുമൂലം പലർക്കും സാധിച്ചു. എല്ലാ വർഷവും നടത്തുന്ന വിനോദയാത്രകളെ പറ്റി സംസാരിക്കുമ്പോൾ അവരെല്ലാവരും വാചാലരായിരുന്നു. വിമാനത്തിൽ ആദ്യമായി കയറിയ  നിമിഷത്തെ അവരെന്നും വളരെ സന്തോഷത്തോടെയാണ് ഓർക്കുന്നത്. ഇന്ന് വി.വി.എസ്.എസ് യൂണിറ്റും, കെസ്സും ഇവിടെയുള്ള ഓരോ ചേച്ചിമാരുടേയും ജീവിതം തന്നെയാണ്. സമൂഹത്തിന്റെ അടിത്തട്ടിൽ മാത്രം ഒതുങ്ങി കൂടിയിരുന്ന സ്ത്രീ സമൂഹത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഏറെ വ്യക്തികളെ മാത്രമല്ല അവരിലൂടെ ഓരോ കുടുംബങ്ങളേയുമാണ് സമൂഹത്തിന്റെ മുകൾത്തട്ടിലേക്ക് ഇത്തരം സ്ഥാപനങ്ങൾ ഉയർത്തികൊണ്ടുവരുന്നത്. ഇവിടെയുള്ള വളരെ കുറച്ച് ദിവസങ്ങൾകൊണ്ട് തന്നെ വ്യത്യസ്ത ജീവിതാനുഭവങ്ങളിലൂടെ ഞങ്ങൾ കടന്നുപോയി. ജീവിതത്തിലെ മറക്കാനാവാത്ത അനുഭവങ്ങളിൽ എന്നും കൂട്ടായി വി.വി.എസ്.എസ് ഉണ്ടാവും.

ആൻമേരി .കെ.പി & രേഷ്മ പി.ബി
വിദ്യാർത്ഥികൾ, മേഴ്സി കോളേജ്, പാലക്കാട്

# വസന്തത്തിലേക്കുള്ള വരവേൽപ്പ്



## വഴിത്തിരിവ്

ജിഷ വി.കെ

പൗരാണികമായ ചരിത്രവും നൂറ്റാണ്ടുകൾ പഴക്കമുള്ള വിദേശ വ്യാപാര ബന്ധവും, കലാ സാഹിത്യ രംഗങ്ങളിൽ സുദീർഘമായ പാരമ്പര്യവും കേരളത്തിന്നുണ്ട്. ഇന്ത്യയിലെ ഏറ്റവും ഉയർന്ന സാക്ഷരതയുള്ള കേരളം സാമൂഹ്യനീതി, സ്ത്രീ പുരുഷ സമത്വം, ആരോഗ്യനിലവാരം, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിലും മുന്നിട്ടു നിൽക്കുന്നു. മതസഹോദര്യത്തിന്റെ ഇടമായ കേരളത്തിലൂടെയാണ് ക്രിസ്തുമതവും ഇസ്ലാം മതവും ഇന്ത്യയിലെത്തിയത്. ഈ ഭൂമിയിലെ എല്ലാത്തിനും അതിന്റേതായ ആഴമുണ്ട്. സ്നേഹത്തിനും സഹോദര്യത്തിനും സമത്വത്തിനും എന്നിങ്ങനെ എല്ലാത്തിനും അതിന്റേതായ ആഴമുണ്ട്, പക്ഷെ ഈ ആഴം അളക്കാൻ പലപ്പോഴും നമ്മുക്കു കഴിയാറില്ല. ജീവിതത്തിലെ പ്രതീക്ഷകൾ എല്ലാം അവസാനിച്ചിരിക്കുന്നു. ഇനിയൊരു ചെറുതിരിവെട്ടം ബാക്കിയിലെന്ന അവസ്ഥയെ പലർക്കും നേരിടേണ്ടി വന്നിട്ടുണ്ടാവും. മാറിമറയുന്ന സമൂഹത്തിൽ ഇന്നും ജീവിതസാഹചര്യങ്ങളോട് പോരാടി ജീവിതത്തോട് അടി പതറാതെ പോരാടുന്ന വ്യക്തിത്വങ്ങൾ ഇന്നും നമ്മളെ അതിശയിപ്പിക്കുന്ന ഒന്നാണ്. ജീവിതത്തിലേക്ക് കൈപിടിച്ചുയർത്താൻ കെസ്സ് മുതലായ കൂട്ടായ്മകൾ അത്യധികം പരിശ്രമിക്കുന്നുണ്ട്. ഉപാധികളില്ലാതെ മനുഷ്യസ്നേഹത്തിനു മാത്രം നിലകൊള്ളുന്ന ഇത്തരം സംഘടനകളാണ് അവഗണിക്കപ്പെടുന്ന വിഭാഗങ്ങളെ ഒരേ കുടകീഴിൽ അണിനിരത്തുന്നത്. കെസ്സിലൂടെ പുനർജന്മം നേടിയ ജിഷ എന്ന യുവതിയിലൂടെ കടന്നുപോകാം. നാലംഗങ്ങളുള്ള ഒരു ചെറുകുടുംബത്തിലെ അംഗമാണ് ജിഷ, സാമ്പത്തിക ബുദ്ധിമുട്ടിന്റെ ഇടയിലൂടെ തന്നെ വിദ്യാഭ്യാസം കരസ്ഥമാക്കി ചെറു പ്രായത്തിൽ തന്നെ കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങളെ ഏറ്റെടുക്കേണ്ടി വരുകയും ചെയ്തു. 2 മക്കളും, ഡ്രൈവറായ ഭർത്താവും അടങ്ങുന്ന കുടുംബത്തിന് +1, 9 തുടങ്ങിയ ക്ലാസുകളിൽ പഠിക്കുന്ന മക്കളുടെ പഠനാവശ്യങ്ങൾപ്പോലും നടത്തികൊടുക്കാൻ സാധിച്ചിട്ടില്ല, വഴിമുടിയ ജീവിതത്തെ കരപിടിച്ചുകയറ്റാൻ ജിഷയ്ക്ക് വി.വി.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ winding സെക്ഷനിൽ തൊഴിലവസരം നൽകുകയും, മക്കളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ ഏറ്റെടുക്കുകയും ചെയ്തു. തുടർച്ചയായി സ്ഥിരവരുമാനം ലഭിച്ചു തുടങ്ങി. സമൂഹം കുഴിച്ചു മുടിയ സ്വപ്നങ്ങളെല്ലാം അവർക്കിടയിൽ മുളച്ചു പൊന്തുന്നുണ്ട് ഇതിലൂടെ.



## മഴവില്ല്

ജെസ്സി സുരേഷ്

ചെറിയ രീതിയിൽ കച്ചവടം നടത്തുന്ന ഭർത്താവിനെ സഹായിക്കാനാണ് 10 വർഷങ്ങൾക്ക് മുമ്പ് ജോലിക്കായി ഞാൻ ഈ യൂണിറ്റിലേക്ക് കടന്നു വരുന്നത്. തീർത്തും ഒരു കുടുംബത്തിന്റെ എല്ലാ അനുഭവങ്ങളും ഇവിടെ നിന്ന് എനിക്ക്

കിട്ടുന്നുണ്ട്. ജീവിതത്തിലെ എല്ലാ പ്രശ്നങ്ങളേയും മറക്കാൻ ഇവിടെ നിന്നുള്ള സൗഹൃദങ്ങൾക്ക് സാധിക്കുന്നു. പലിശയില്ലാതെ കെസ്സ് നല്കുന്ന ലോണും മറ്റും ഞങ്ങളുടെ സാമ്പത്തിക ഞെരുക്കത്തിൽ ഏറെ സഹായകമാണ്. മാത്രമല്ല, ഒരു നല്ല ഭവനം എന്ന ഞങ്ങളുടെ സ്വപ്നത്തിന് സാക്ഷാത്കാരമേകാൻ ഭവനമിത്ര പ്രൊജക്ട് വഴി സാധിച്ചു. വധുമിത്ര വഴി ഞങ്ങളുടെ ഏക മകളുടെ വിവാഹത്തിന് മുമ്പായി തന്നെ സാമ്പത്തിക സ്വരൂപികരണത്തിന് സാധിച്ചു. ഓണത്തിനും, ക്രിസ്തുമസ്സിനും, ആനുവൽ ഡേയ്ക്കുമെല്ലാം കലാപരിപാടികൾ അവതരിപ്പിച്ച് ഞങ്ങളുടെ കഴിവുകൾക്കും ആഗ്രഹങ്ങൾക്കും ചിറകേകാൻ കെസ്സ് സഹായിക്കുന്നു. മാത്രമല്ല ജീവിതത്തിൽ ആദ്യമായി വിമാനത്തിൽ പോവാനും കപ്പലിൽ പോകാനുമുള്ള ഭാഗ്യമൊക്കെ ഇവിടെ നിന്നാണ് എനിക്ക് കിട്ടിയത്. അതൊന്നും ഒരിക്കലും മറക്കാൻ പറ്റാത്ത അനുഭവങ്ങളാണ്. ലോണുകളായും മറ്റും നല്കുന്ന സാമ്പത്തിക സഹായങ്ങൾ കുടുംബത്തിന് ഏറെ ഉപകാരപ്രദമാണ്.



## ഒരു പുതുയാത്ര

അജിത വി.ജെ

എന്റെ അച്ഛൻ കെസ്സിലെ കൃഷിയിടത്തിൽ തൊഴിലാളിയായിരുന്നു. അങ്ങനെയാണ് കെസ്സുമായുള്ള ബന്ധം ആരംഭിച്ചത്. പിന്നീട് 10 വർഷങ്ങൾക്കു മുമ്പ് ഞാനും ഈ stablizer Unit ന്റെ ഭാഗമായി. അകാലത്തിൽ ഭർത്താവ് നഷ്ടപ്പെട്ട എനിക്ക് ഈ ജോലിയും ഇതിലൂടെ ലഭിക്കുന്ന വരുമാനവുമാണ് ആശ്രയം. കെസ്സ് ഞങ്ങളുടെ കുടുംബത്തിന് എന്നും സഹായമാണ്. 9-ാം ക്ലാസ്സിൽ പഠിക്കുന്ന മകളും അമ്മയും അടങ്ങിയതാണ് ഞങ്ങളുടെ കുടുംബം. അപ്രതീക്ഷിതമായി കുടുംബത്തിലേക്ക് കടന്നു വരുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളെ അഭിമുഖീകരിക്കാൻ പലിശയില്ലാതെ കെസ്സ് നല്കുന്ന ലോണും മറ്റും എനിക്ക് ഏറെ ഉപകാരമാണ്. മാത്രമല്ല, സ്കൂൾ തുറക്കുന്നതിന് മുൻപുള്ള സാമ്പത്തിക ചിലവുകൾ സൗജന്യമായി കെസ്സ് നല്കുന്ന പഠനോപകരണ കിറ്റിലൂടെ മറിക്കടക്കാൻ സാധിക്കാറുണ്ട്. ഒരു വർഷം മുമ്പ് ഞങ്ങളുടെ വരുമാനമാർഗം കൂട്ടുന്നതിന് കെസ്സിലെ പ്രൊജക്റ്റിന്റെ ഭാഗമായി എനിക്ക് കോഴികളെ വളർത്താനായി ലഭിച്ചിട്ടുണ്ട്. കുടുംബത്തിലെ സ്ത്രീകൾക്ക് കെസ്സ് നടത്തുന്ന ഇത്തരം സമ്പ്രദായങ്ങളിലൂടെ ജീവിത മാർഗ്ഗങ്ങൾ തെളിഞ്ഞു കിട്ടുന്നുണ്ട്. കെസ്സ് ഞങ്ങൾക്കു വേണ്ടി നടത്തിയ ബോധവത്കരണ ക്ലാസ്സുകളും കുട്ടികൾക്ക് വേക്കഷൻ നടത്തുന്ന ക്യാമ്പുകളും മറ്റും ഏറെ ഉപകാരമാണ്. മാത്രമല്ല, വർഷം തോറും പോകുന്ന വിനോദയാത്രകളും ജീവിതത്തിൽ മറക്കാനാവാത്ത അനുഭവങ്ങളാണ് നല്കിയിരിക്കുന്നത്. കെസ്സ് നടത്തുന്ന ആഘോഷങ്ങളും, ആനുവൽ ഡേയും എല്ലാം ഞങ്ങളെ പോലയുള്ള സ്ത്രീകൾക്ക് ഞങ്ങളുടെ കഴിവുകളും മറ്റും പ്രകടിപ്പിക്കാനുള്ള വേദികളാണ്. ഇന്ന് ഈ യൂണിറ്റ് ഞങ്ങളുടെ ഒരു കുടുംബം തന്നെയാണ്. ഇവിടെയുള്ള ഓരോ ഓർമ്മകളും ജീവിതത്തിലെ മറക്കാനാവാത്ത ഓർമ്മകളാണ്.



## ജീവിതയാത്രയിലെ വഴികാട്ടി

ബിന്ദു യേശുദാസ്

വർഷങ്ങൾക്ക് മുൻപാണ് ഞാൻ കെസ്സിലോട്ട് കടന്നുവരുന്നത്. തൊഴിലാളിയായ ഭർത്താവിനെ സഹായിക്കാനാണ് ഞാൻ ഈ യൂണിറ്റിന്റെ ഭാഗമായത്. ഏക മകൻ ഇപ്പോൾ വിദേശത്താണ്. ഇതുവരെയുള്ള ജീവിത്തിന്റെ എല്ലാ ഘട്ടങ്ങളിലും കെസ്സ് ഏറെ സ്വാധീനിച്ചിട്ടുണ്ട്. കെസ്സ് നടപ്പാക്കിയ

വിവിധ പ്രൊജക്റ്റുകൾ വഴി ഞങ്ങൾക്ക് ജീവിതത്തിൽ ഏറെ സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. ഭവനമിത്ര പ്രൊജക്ട് വഴി ഭവനം എന്ന ഞങ്ങളുടെ സ്വപ്നത്തിന് സാക്ഷാത്കാരമേകാൻ സാധിച്ചു. അതുപോലെ തന്നെ ആവശ്യഘട്ടങ്ങളിൽ പലിശയിലാതെ ലോൺ കിട്ടുന്നതും ഞങ്ങൾക്ക് ഏറെ സഹായകമാണ്. മകൻ സ്ക്കൂളിൽ പഠിക്കുന്ന സമയം വരെ സൗജന്യമായി കെസ്സിൽ നിന്ന് പഠനോപകരണങ്ങൾ ലഭിച്ചിരുന്നത് ഞങ്ങളുടെ കുടുംബത്തിന് ഏറെ സഹായകമായിരുന്നു. ശമ്പളത്തിന് പുറമേ ഞങ്ങൾക്ക് ലഭിക്കുന്ന ബോണസുകളും, പി.എഫും എല്ലാം കുടുംബത്തെ സാമ്പത്തിക ബാദ്ധ്യതയില്ലാതെ പിടിച്ചുനിർത്തുന്നതിന് സഹായിക്കുന്നുണ്ട്. എല്ലാ വർഷവും പോകുന്ന വിനോദയാത്രകളും ജീവിതത്തിലെ മറക്കാനാവാത്ത അനുഭവങ്ങളാണ് സമ്മാനിച്ചിട്ടുള്ളത്. കെസ്സ് നടത്തുന്ന ഓണം, ക്രിസ്തുമസ്സ് ആഘോഷങ്ങളും, Annual dayയുമെല്ലാം ഞങ്ങൾക്ക് ഏറെ സന്തോഷം നല്കുന്നുണ്ട്. ഇന്ന് ഞങ്ങൾ ഇവിടെ ഒരു കുടുംബമാണ്. ജീവിതത്തിലെ എല്ലാ ദു:ഖങ്ങളും പങ്കുവെക്കാൻ സാധിക്കുന്ന നല്ല ഒരു സുഹൃത്ത്ബന്ധം ഇവിടെ നിന്ന് എനിക്ക് കിട്ടിയിട്ടുണ്ട്.



## തണൽവൃക്ഷത്തിനരികിൽ

അൽഫോൺസ കെ.കെ

മുപ്പത് വർഷമായി ഞാൻ വി.വി.എസ്.എസ്. യൂണിറ്റിന്റെ ഭാഗമായിട്ട്. ആദ്യം പടവരാടുള്ള യൂണിറ്റിലായിരുന്നു ജോലി ചെയ്തിരുന്നത്. അവിടെ അഞ്ചു വർഷത്തോളം ജോലി ചെയ്തിരുന്നു. കുടനിർമ്മാണ യൂണിറ്റിലും ഞാൻ ജോലി ചെയ്തിരുന്നു. പിന്നീടാണ് ഇങ്ങോട്ടു മാറിയത്. ഇവിടെ Winding സെക്ഷനിലാണ് ഞാൻ ജോലി ചെയ്യുന്നത്. ഒരുപാട് വർഷങ്ങളായി ഞാൻ ഇവിടെ ജോലി ചെയ്യുന്നു ഇപ്പോൾ വിരമിക്കാറായി നല്ല അനുഭവങ്ങളാണ് ഇവിടെ നിന്നും ഇതുവരെ ഉണ്ടായിട്ടുള്ളത്. ഒരുപാട് നല്ല സൗഹൃദങ്ങൾ എനിക്ക് ഇവിടെ നിന്നും ലഭിച്ചു. വിനോദയാത്രകൾ മറക്കാൻ സാധിക്കാത്ത അനുഭവമാണ് അതിലൂടെയെല്ലാം ഞങ്ങളുടെ ഇടയിലെ സുഹൃദ്ബന്ധം വളരെയധികം വളർന്നു. എന്റെ ഭർത്താവ് ഒരു ഡ്രൈവർ ആണ്. രണ്ടു ആൺമക്കളാണ് എനിക്ക്, രണ്ടുപേരും ഇപ്പോൾ ജോലി ചെയ്യുന്നു. എന്റെ വിവാഹത്തിനായി ഇവിടെ നിന്നും സഹായങ്ങൾ ലഭിച്ചിരുന്നു. എന്ത് ബുദ്ധിമുട്ടിലും കെസ്സിൽ നിന്നും സഹായങ്ങൾ ലഭിക്കാറുണ്ട്. ഇടയ്ക്കൊക്കെ ഉണ്ടാകുന്ന പരിപാടികളിൽ ഞാനും പങ്കെടുക്കാറുണ്ട്. വരുമാനത്തിനു പുറമേ ലഭിക്കുന്ന ബോണസ്സുകളും, ഇ.എസ്.ഐയുമെല്ലാം ഒരു നല്ല ജീവിതം നയിക്കാൻ സഹായിക്കുന്നുണ്ട്. എല്ലാം ഒരനുഗ്രഹമായി ഞാൻ ഇപ്പോൾ കരുതുന്നു.



## സാന്ത്വന ദീപം

അജിത കുമാരി എം.കെ

25 വർഷങ്ങൾക്കു മുമ്പ് 1994ൽ എന്റെ 18-ാമത്തെ വയസ്സിലാണ് ഞാൻ ഈ വി.വി.എസ്.എസ്. യൂണിറ്റിന്റെ ഭാഗമാകുന്നത്. 5 പെൺകുട്ടികളടങ്ങിയ ഞങ്ങളുടെ കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി മോശമായതിനെ തുടർന്ന് 8-ാം ക്ലാസ്സിൽ വെച്ച് എനിക്ക് പഠനം ഉപേക്ഷിക്കേണ്ടി വന്നു. തുടർന്ന് കെസ്സിന്റെ ബീഡി യൂണിറ്റിലും പിന്നീട് stebilizer unit ലും പ്രവർത്തനം ആരംഭിച്ചു. അവിവാഹിതയായ എനിക്ക് ജീവിതത്തിന്റെ ഒറ്റപെടലുകളെ അഭിമുഖീകരിക്കാൻ ഇവിടെ നിന്നുള്ള

സൗഹൃദങ്ങൾ വഴി സാധിക്കുന്നു. മറക്കാനാവാത്ത ഒരുപാട് ഓർമ്മകളും ഇവിടെ നിന്ന് ലഭിച്ചിട്ടുണ്ട്. ആഘോഷവേളകളിൽ കെസ്സ് നടത്തുന്ന വിവിധ കലാപരിപാടികളിൽ സജീവസാനിധ്യമാകാൻ സാധിക്കുന്നതു വഴി ജീവിതത്തിന്റെ പല ദു:ഖങ്ങളും മറക്കാൻ സാധിക്കുന്നു. എല്ലാ വർഷവും പോകുന്ന വിനോദയാത്രകൾ മറക്കാനാവാത്ത മറ്റൊരുനുഭവങ്ങളാണ്. ജീവിതത്തിൽ ഒരിക്കലും നടക്കിലെന്നു കരുതിയ പല സ്വപ്നങ്ങളും സാക്ഷാത്കരിക്കാൻ കെസ്സ് സഹായിച്ചു. ആദ്യമായി plane ൽ പോയതും കപ്പലിൽ പോയതുമെല്ലാം അത്തരം അനുഭവങ്ങളാണ്. അപ്രതീക്ഷിതമായി കടന്നു വരുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളെ അതിജീവിക്കാൻ പലിശയില്ലാതെ കെസ്സിൽ നിന്ന് ലോൺ കിട്ടുന്നത് വഴി ഞങ്ങൾക്ക് അഭിമുഖീകരിക്കാൻ സാധിക്കുന്നു. ആവശ്യഘട്ടങ്ങളിൽ നൽകുന്ന മറ്റു സാമ്പത്തിക സഹായങ്ങളും എനിക്ക് ഏറെ ഉപകാരമാണ്. ഞങ്ങൾക്ക് വേണ്ടി നടത്തുന്ന ബോധവത്കരണ ക്ലാസുകളും മെഡിക്കൽ ക്യാമ്പുകളും തൊഴിലാളികളോടുള്ള കെസ്സിന്റെ ആത്മാർത്ഥതയെ എടുത്തുകാട്ടുന്നതാണ്. കെസ്സ് നടത്തുന്ന കലാപരിപാടികളിൽ സജീവമായി പങ്കെടുക്കുന്നതു വഴി ഞങ്ങളുടെ കഴിവുകളേയും പുറത്തെടുക്കാനുള്ള അവസരമാണ് ലഭിക്കുന്നത്. സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം എന്നും ഞങ്ങൾക്ക് അഭിമാനമാണ്.



## പ്രതീക്ഷയുടെ നാളങ്ങളായി

ഗ്രേയ്സി എ.പി

26 - വർഷങ്ങൾക്ക് മുമ്പാണ് വി.വി.എസ്.എസ് യൂണിറ്റിൽ ഞാൻ അംഗമായത്. 7 മക്കളടങ്ങിയ ഞങ്ങളുടെ കുടുംബത്തിന് ഞാൻ ജോലിക്ക് പോകേണ്ടത് ആവശ്യം ആയിരുന്നു.

ആദ്യം പടവരാടുള്ള യൂണിറ്റിലായിരുന്നു പ്രവർത്തനം ആരംഭിച്ചത്. തുടർന്ന് 9 വർഷങ്ങൾക്ക് ശേഷം ഇവിടേക്ക് വന്നു. പിന്നീട് വിവാഹം കഴിഞ്ഞെങ്കിലും ഈ സ്ഥാപനത്തോടുള്ള വിശ്വസ്തത മൂലം ഭർത്താവിന്റെ അനുവാദത്തോടെ ഇവിടെ ജോലി തുടരാൻ സാധിച്ചു. ഭർത്താവും രണ്ട് മക്കളും അടങ്ങിയ ഞങ്ങളുടെ കുടുംബത്തിന് ഏറെ സഹായമാണ് ഈ ജോലിയും ഇവിടെനിന്ന് കിട്ടുന്ന മറ്റു ആനുകൂല്യങ്ങളും, ശമ്പളത്തിനു പുറമെയുള്ള ഇ.എസ്.ഐയും, പി.എഫ്.ഉം, ബോണസുമെല്ലാം ഏറെ ഉപകാരപ്രദമാണ്. ജോലി തിരക്കുള്ള ദിവസങ്ങളിൽ രാത്രി വൈകിയാലും തിരിച്ച് വീട്ടിലെത്താനുള്ള സൗകര്യമൊക്കെ ഇവിടെനിന്ന് ഏർപാടാക്കി തരുന്നത് ഞങ്ങൾക്ക് വളരെ ഉപകാരമാണ്. ഇവിടെ എല്ലാവരും ഒരു കുടുംബം പോലെയാണ് ഇവിടെ നിന്നുള്ള നേട്ടങ്ങളിൽ പ്രധാനമായും നല്ല സൗഹൃദങ്ങളാണ്. ഈ യൂണിറ്റിൽ പരിമിതികൾക്ക് പുറമെ നല്ല സ്വാതന്ത്ര്യമാണ് ഞങ്ങൾക്കുള്ളത്. സൗജന്യമായി നടത്തുന്ന മെഡിക്കൽ ക്യാമ്പുകളും, ബോധവത്കരണ ക്ലാസ്സുകളുമെല്ലാം ഞങ്ങൾക്ക് വളരെ ഉപകാരപ്രദമാണ്. കൂടാതെ സ്ക്കൂൾ തുറക്കുമ്പോൾ ഞങ്ങളുടെ കുട്ടികൾക്ക് സൗജന്യമായി നല്കുന്ന പഠനോപകരണ കിറ്റ് ഏറെ സഹായകമാണ്. ഞങ്ങളുടെ കുടുംബത്തിന് എന്നും അനുഗ്രഹമാണ് ഈ സ്ഥാപനം.



## വസന്തത്തിലേക്ക്

മിനി ജോണി

ചേച്ചിയുടെ ഭർത്താവ് മുഖേനയാണ് ഞാൻ ഇവിടെ വരുന്നത്. എന്റെ ഭർത്താവ് V. Guard Service Centre ലെ തൊഴിലാളിയാണ്. ഞാൻ പ്രീഡിഗ്രി കഴിഞ്ഞ് വീട്ടിലിരിക്കുമ്പോഴാണ് ഈ യൂണിറ്റിനെ കുറിച്ച് അറിയുന്നത്. തുടർന്ന് ഇവിടെ

പ്രവർത്തിക്കാൻ തുടങ്ങി. ആദ്യമൊക്കെ ഒരു പേടിയായിരുന്നു മനസ്സിൽ. പുതിയ ഒരു ജോലി , അതെങ്ങനെ ചെയ്യും എന്നുള്ള ഭയം അതൊക്കെയായിരുന്നു മനസ്സിൽ. എന്നാൽ ഇവിടെ നിന്നും ഞങ്ങൾക്ക് തുടക്കത്തിൽ training ലഭിച്ചു. അതിലൂടെ വർക്കിനെക്കുറിച്ച് കൃത്യമായി മനസ്സിലാക്കാൻ എനിക്ക് സാധിച്ചു. പിന്നീട് എല്ലാംകൊണ്ടും ഇവിടെ എനിക്ക് ഇഷ്ടമായി. വീട്ടിൽ നിന്നാണെങ്കിൽ പോലും ഇവിടെയ്ക്കു വിടാൻ എല്ലാവർക്കും നല്ല വിശ്വാസവും, സന്തോഷവുമാണ്. ഇവിടെയ്ക്കു വരുന്നതിനു മുമ്പു വരെ ചിന്തിക്കാൻ പോലും പറ്റാത്ത ഒരു സ്വപ്നമായിരുന്നു വിമാനയാത്രയും കപ്പൽ യാത്രയും എന്നാൽ ഇവിടെ വന്നതിനുശേഷം അതൊരു യാഥാർത്ഥ്യമായി മാറി. അതെനിക്ക് ഒരിക്കലും മറക്കാൻ സാധിക്കാത്ത ഓർമ്മകളിലൊന്നാണ്. ഒരു മെഡിക്കൽ ഷോപ്പിൽ താൽക്കാലികമായി ജോലിക്കുപോയിരുന്ന എനിക്ക് ഇത്രയധികം അനുഭവങ്ങൾ തന്നത് ഈ യൂണിറ്റാണ്. ഇവിടെ ഞാനിപ്പോൾ ജോലി ചെയ്യാൻ തുടങ്ങിയിട്ട് പത്ത് വർഷത്തിൽ അധികമായി, ഇവിടെ വന്നതിനുശേഷം എല്ലാ പരിപാടികളിലും ഞാൻ സജീവമായി പങ്കെടുക്കാറുണ്ട്. ഇടയ്ക്കു ലഭിക്കാറുള്ള ബോധവൽക്കരണ ക്ലാസ്സുകൾ ഞങ്ങളുടെ കുടുംബജീവിതങ്ങളെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. കെസ്സിന്റെ ഭാഗമായ മെഡിക്കൽ ക്യാമ്പ് ഉൾപ്പെടെയുള്ള പരിപാടികളിൽ ഞാനും പങ്കെടുക്കുന്നു. എനിക്ക് രണ്ടു മക്കളാണ്, എന്റെ മകൻ ഒരു ഡിഗ്രി വിദ്യാർത്ഥിയാണ്, മകളുടെ വിവാഹം കഴിഞ്ഞു. അവരുടെ പഠനക്കാലത്ത് ഓരോ വർഷവും പഠനോപകരണങ്ങൾ സൗജന്യമായി കെസ്സിൽ നിന്നും എന്റെ മക്കൾക്ക് ലഭിക്കാറുണ്ട്. അതെല്ലാം തന്നെ ഒരു സഹായം ആയിരുന്നു. ഇന്ന് ഞങ്ങളുടെ ജീവിതം ഈ വരുമാനത്താൽ സന്തുഷ്ടമായി പോകുന്നു.



## സാന്ത്വനത്തേരിൽ

ലിൻസി ജോയ്

ഇടുക്കിയിലേക്ക് വിനോദയാത്ര പോയത് എന്റെ ജീവിതത്തിലെ മറക്കാൻ പറ്റാത്ത ഒരു അനുഭവമാണ്. പുലർച്ചെയ്ക്കു തന്നെ യാത്രപുറപ്പെട്ട ഞങ്ങൾ വഴിയിൽ കഴിക്കുന്നതിനായി നിരവധി സാധനങ്ങൾ വാങ്ങിയിരുന്നു. എന്നാൽ പോവുന്നതിന്റെ തിടുക്കത്തിൽ സാധനങ്ങളെല്ലാം ഞങ്ങൾ ഇവിടെ മറന്നുവച്ചു. അങ്ങനെ യാത്ര തുടങ്ങി. "രാമക്കൽ മേട്" അവിടെയ്ക്കായിരുന്നു യാത്ര. ഞങ്ങൾ കുറച്ചുപേർ Horse Ride ചെയ്തു, അന്ന് വൈകീട്ടോടെയാണ് അവിടെ എത്തിയത്. ആ സ്ഥലവും, പ്രകൃതിയുടെ മനോഹാരിതയും ഇന്നും എന്റെ ഉള്ളിലുണ്ട്. അതുപോലെതന്നെ മറ്റൊരു ഓർമ്മയാണ് അതിരപ്പിള്ളിയും, വാഴച്ചാലും... വളരെ നല്ലൊരു സുഹൃത്ത്ബന്ധം എനിക്ക് ഇവിടെ നിന്നും ലഭിച്ചു. 1999 ലാണ് ഞാൻ ഇവിടെയ്ക്കു വരുന്നത്. ഇടയ്ക്ക് നിർത്തി വീണ്ടും ഇവിടെ ജോലി തുടർന്നു. പലവിധ സഹായങ്ങളും കെസ്സിലൂടെ എനിക്കു ലഭിച്ചിട്ടുണ്ട്. ഒരു സമയത്ത് എന്തു ചെയ്യുമെന്ന് ആലോച്ചിരുന്നപ്പോൾ ഇവിടെ നിന്നും എടുത്ത ലോൺ ആണ് ആ അവസ്ഥയിൽ ആശ്രയമായത്. എന്റെ ഭർത്താവ് ഒരു സെയിൽസ്മാനാണ്, ഞങ്ങളുടെ രണ്ടുപേരുടേയും വരുമാനം കൊണ്ട് ജീവിതം ഇപ്പോൾ മുന്നോട്ട് പോവുന്നു. അന്നത്തെ കാലത്ത് പ്രീഡിഗ്രി വരെ ഞാൻ പഠിച്ചിട്ടുണ്ട്. എന്നാൽ കുടുംബത്തിന്റെ അവസ്ഥ മൂലം തുടർന്നു പഠിക്കാനോ ജോലിക്കു പോവാനോ സാധിച്ചിരുന്നില്ല. അങ്ങനെയിരിക്കുമ്പോഴാണ് കെസ്സിനെ കുറിച്ച് അറിയുന്നതും ഈ യൂണിറ്റിലേക്കു വരുന്നതും ഇപ്പോൾ ജീവിതം സന്തോഷത്തോടെ മുന്നോട്ടു പോവുന്നു.



## നേർക്കാഴ്ചകൾ

സ്മിത ഷാജു

ഈ സ്ഥാപനത്തിൽ ഞാൻ അഞ്ചു വർഷമായി സേവനമനുഷ്ഠിച്ചു വരുന്നു. അമ്മയും, ഭർത്താവും, പ്ലസ് ടുവിന് പഠിക്കുന്ന ഒരു മോളുമാണ് എനിക്കുള്ളത്. ഭർത്താവ് ഡ്രൈവർ ആണ്. ഭർത്താവിനു ലഭിക്കുന്നത് തുച്ഛമായ ശമ്പളം മാത്രമാണ്. ചിലവുകളും, പ്രാരബ്ധങ്ങളും കൂടിവന്നപ്പോൾ ഈ ജോലിയിലൂടെ ലഭിക്കുന്ന വരുമാനമാണ് കുടുംബത്തിന് താങ്ങായത്. മാത്രമല്ല, കെസ്സിലൂടെ മറ്റെന്ത് ബുദ്ധിമുട്ടുകൾക്കും സഹായങ്ങൾ ലഭിക്കുന്നുണ്ട്. വീടിനുവേണ്ടി ലോൺ സഹായവും, എല്ലാ വർഷവും സ്കൂൾ തുറക്കുന്ന സമയങ്ങളിൽ ലഭിക്കുന്ന പഠനോപകരണങ്ങളും വലിയ സഹായം ആണ് ഞങ്ങൾക്ക് പലിശയില്ലാതെയാണ് ലോൺ ലഭിക്കുന്നത് അതുതന്നെ ആശ്വാസമാണ്. പത്താം ക്ലാസുവരെ മാത്രമാണ് ഞാൻ പഠിച്ചിരിക്കുന്നത്. എന്നെപോലെ ഒരാൾക്ക് ലഭിക്കാവുന്ന മികച്ച ജോലിയും വരുമാനവും തന്നെയാണ് കിട്ടിയിരിക്കുന്നത്. ശമ്പളത്തിനു പുറമേ ലഭിക്കുന്ന ബോണസുകളും, ചികിത്സാ സഹായങ്ങളും മൂലം ജീവിതം ഇന്ന് അല്ലലില്ലാതെ പോവുന്നു. എല്ലാവർഷവും ഇവിടെ നിന്നും വിനോദ യാത്രകൾക്കായി കൊണ്ടുപോകുന്നതും അതിലൂടെ ലഭിച്ചിട്ടുള്ള അനുഭവങ്ങളും ഞങ്ങൾക്ക് ജീവിതത്തിൽ ഒരിക്കലും മറക്കാൻ സാധിക്കാത്തതാണ്. ഓണം, ക്രിസ്തുമസ് തുടങ്ങിയ വിവിധ ആഘോഷങ്ങൾക്കു പുറമേ ഇതിന്റെ ഭാഗമായി നടത്തുന്ന കലാപരിപാടികളിലും ഞാൻ സജീവമായി പങ്കെടുക്കാറുണ്ട്. ഇതെല്ലാമാണ് ജീവിതത്തിലെ എന്റെ സന്തോഷങ്ങൾ. നല്ല സുഹൃത്തുക്കളെകൂടി എനിക്ക് ഇവിടെ നിന്നും ലഭിച്ചു. ഇതെല്ലാം ഒരു ഭാഗ്യമായി ഞാൻ ഇപ്പോൾ കരുതുന്നു...



## “സജിത ചേച്ചിയുമൊത്ത്”

സജിത കെ.ജെ

**“ഹലോ ചേച്ചി” തിരക്കിലാണോ ?**

അല്ലല്ലോ! ചോദിച്ചോളൂ.

**കെസ്സിൽ നിന്ന് ലോണും മറ്റെന്തെങ്കിലും എടുത്തിട്ടുണ്ടോ?**

അങ്ങനെ ഒന്നും ഇതു വരെ എടുത്തിട്ടില്ല.

**വീട്ടിൽ ചേച്ചിക്കു മാത്രമാണോ വരുമാനം ഉള്ളത്?**

ഭർത്താവ് ബിൽഡിങ്ങ് വർക്കർ ആണ്. ആ വരുമാനം കൂടി ഉണ്ട്. അങ്ങനെ ജീവിക്കുന്നു.

**ഇവിടെ എല്ലാവർഷവും നടത്തുന്ന വിനോദയാത്രകളിൽ പോവാറുണ്ടോ?**

ഉവ്വ്, അത് ഞങ്ങൾക്ക് മറക്കാൻ പറ്റാത്ത അനുഭവം ആണ്.

**അങ്ങനെ ഉണ്ടായ ഒരനുഭവം പങ്കു വയ്ക്കാമോ**

ജീവിതത്തിൽ ആദ്യമായി plane ൽ പോവാനും കപ്പലിൽ പോവാനും സാധിച്ചു. അതും ഫ്രീ ആയിട്ടായിരുന്നു. അത് ഒരിക്കലും മറക്കില്ല.

**ഞങ്ങൾക്കായി അൽപസമയം തന്നതിന് നന്ദി ചേച്ചി**



## ശാന്തചേച്ചിയുമായൊരഭിമുഖം

ശാന്ത എ.കെ.

**തിരക്കിലാണോ ചേച്ചി ? ഇവിടെ ഏതു സെക്ഷനിലാ ചേച്ചി..?**

ഞാൻ ഇവിടെ mounding സെക്ഷനിൽ 16 വർഷമായി ജോലി ചെയ്തു വരുന്നു.

**കെസ്സിൽ നിന്നും ലഭിച്ച സഹായങ്ങളെക്കുറിച്ച് ഒന്നു പറയാമോ?**

എന്റെ വീടു പണിക്കുവേണ്ടി കെസ്സിൽ നിന്നും ലോൺ കിട്ടിയിട്ടുണ്ട്.

**സാമ്പത്തിക സഹായങ്ങൾക്ക് പുറമേ മറ്റെന്തെങ്കിലും......?**

ഒരു വർഷം മുമ്പ് രണ്ട് ആടിനെ വളർത്താനായി ഞങ്ങൾക്ക് കെസ്സ് മുഖേന ലഭിച്ചു.

**ഇവിടെയ്ക്ക് ജോലിക്കു വരുന്നതു കൊണ്ട് വീട്ടുകാര്യങ്ങൾ ശ്രദ്ധിക്കുന്നതിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നുണ്ടോ ?**

അങ്ങനെയൊന്നും ഇതുവരെയും ഉണ്ടായിട്ടില്ല. വീട്ടുകാർക്കും ഞാൻ ഇങ്ങോട്ട് വരുന്നതിൽ ഒരു ബുദ്ധിമുട്ടും ഇല്ല അതോടൊപ്പം ഞങ്ങൾക്ക് ഇവിടെനിന്ന് ലഭിക്കുന്ന ബോധവത്ക്കരണ ക്ലാസുകൾ കുടുംബത്തിൽ സമാധാനം നിലനിർത്താൻ ഏറെ സഹായിക്കുന്നുണ്ട്

**വളരെ നന്ദി അൽപ്പസമയം ഞങ്ങൾക്കായി നീക്കിവച്ചതിന്**



## അൽപനേരം ഞങ്ങൾക്കായി

പ്രിയ. പി.ആർ

**എത്രാമത്തെ വയസ്സിലാണ് ചേച്ചി ഈ യൂണിറ്റിലേക്ക് വന്നത്?**

എനിക്ക് 18 വയസ്സുള്ളപ്പോഴാണ് ഞാനിവിടെ എത്തിയത്. ഇപ്പോൾ 20 വർഷത്തോളമായി.

**കെസ്സിൽ നിന്ന് എന്തൊക്കെ സഹായങ്ങൾ കിട്ടുന്നുണ്ട് ?**

സ്കൂൾ തുറക്കുന്ന സമയത്ത് ബാഗും, ബുക്കുമൊക്കെ സൗജന്യമായി കെസ്സിൽ നിന്ന് കിട്ടുന്നുണ്ട്. പലിശയില്ലാതെ ലോൺ എടുക്കാൻ പറ്റും.

**ഇവിടേക്ക് ജോലിക്ക് വരുന്നതു കൊണ്ട് വീട്ടിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടോ ?**

ഇവിടേക്ക് ജോലിക്ക് വിടാൻ എല്ലാവർക്കും വലിയ വിശ്വാസമാണ്. ചിലപ്പോൾ ജോലി തിരക്കുമൂലം വീട്ടിലേക്ക് പോകാൻ വൈകിയാൽ തിരിച്ച് പോകാനുള്ള യാത്രാ സൗകര്യങ്ങൾ വരെ ഇവർ ഏർപ്പാടാക്കി തരാറുണ്ട്.

**പരിപാടികളിലൊക്കെ പങ്കെടുക്കാറില്ലേ?**

പരിപാടികളൊക്കെ മുടങ്ങാതെ പോകാറുണ്ട്. പക്ഷെ പങ്കെടുക്കാറില്ല.



## ഉച്ചയ്ക്കൊരിത്തിരിനേരം

രാജലക്ഷ്മി

**കഴിച്ചില്ലേ ചേച്ചി ?**

ആ കഴിച്ചു ! നിങ്ങൾ കഴിച്ചില്ലേ?

**ആ ഞങ്ങളും കഴിച്ചു. ഇവിടെയുണ്ടായ രസകരമായ എന്തെങ്കിലും അനുഭവം ഞങ്ങളോടു പറയാമോ?**

അങ്ങനെ മറക്കാൻ പറ്റാത്ത അനുഭവം ഞങ്ങൾ ഇവിടെനിന്നും വിനോദയാത്ര പോയതാണ് വീഗാലാന്റിലേക്കായിരുന്നു പോയത്. ഞങ്ങൾ എല്ലാവരും ഒരുപാട് സന്തോഷിച്ച ദിവസമായിരുന്നു അന്ന് അത് ഒരിക്കലും മറക്കാൻ പറ്റാത്ത അനുഭവമാണ്. എല്ലാ വർഷവും ഞങ്ങളെ ഇതുപോലെ കൊണ്ടു പോവാറുണ്ട്.

**മറ്റെന്തൊക്കെ സഹായങ്ങളാണ് കെസ്സ് വഴി ലഭിച്ചിട്ടുള്ളത്?**

കെസ്സിൽ നിന്ന് ഒരുപാട് സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. വീടുപണിക്കുവേണ്ടി സാമ്പത്തിക മായ സഹായങ്ങൾക്കും പുറമേ കോഴി, കോഴിക്കൂട് തുടങ്ങി മറ്റ് സഹായങ്ങളും. സ്ക്കൂൾ തുറക്കുന്ന സമയങ്ങളിൽ പഠനോപകര ണങ്ങൾ കിട്ടാറുണ്ട്. കൂടാതെ വെക്കേഷൻ സമയങ്ങളിൽ കുട്ടികൾക്കായി ഇവിടെ ക്യാമ്പ് സംഘടിപ്പിക്കാറുണ്ട്.

**വീട്ടിൽ മറ്റെന്തെങ്കിലും വരുമാന സാധ്യതകൾ ഉണ്ടോ?**

ഭർത്താവിന് കളിമൺപാത്ര നിർമ്മാണമാണ് ജോലി അതുവഴി വരുമാനമുണ്ട്. പിന്നെ എനിക്ക് 2 ആൺക്കുട്ടികളുണ്ട്. അതിൽ ഒരാൾ വിദേശത്താണ് അതുകൊണ്ട് അങ്ങനെയും വരുമാനം ലഭിക്കുന്നുണ്ട്.



## "ഷീനചേച്ചിയുമായൊരഭിമുഖം"

ഷീന റോയ്

**ചേച്ചി ഈ യൂണിറ്റിന്റെ ഭാഗമായിട്ട് എത്ര വർഷമാവുന്നു?**

കഴിഞ്ഞ പത്തുവർഷമായി ഈ stabilizer യൂണിറ്റിന്റെ corefilling സെക്ഷനിൽ ഞാനുണ്ട്.

**വീട്ടിൽ മറ്റാരെങ്കിലും ജോലിക്കു പോവുന്നുണ്ടോ?**

ഇല്ല!! ഭർത്താവ് ഒരു ആർട്ടിസ്റ്റായിരുന്നു. പക്ഷേ രണ്ടുവർഷം മുൻപാണ് ഭർത്താവിനു സ്ട്രോക്ക് വന്നത് അതുകൊണ്ട് അദ്ദേഹത്തിന് ഇപ്പോൾ ജോലിക്കുപോവാൻ സാധിക്കുന്നില്ല. പിന്നെ രണ്ട് മക്കളുണ്ട്. അവരും പഠിച്ചുകൊണ്ടിരി ക്കുകയാണ്.

**ഈ അവസ്ഥയിൽ കെസ്സിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിച്ചിരുന്നത് ?**

ഭർത്താവിന്റെ അവസ്ഥയറിഞ്ഞ് നിരവധി തവണ സാമ്പത്തിക സഹായങ്ങൾ കെസ്സിൽ നിന്നും ലഭിച്ചിട്ടുണ്ട്.  പലിശയില്ലാതെ ലോൺ എടുക്കാൻ കെസ്സിൽ നിന്നും സാധിക്കുന്നതു കൊണ്ട് ബാധ്യത കളില്ലാതെ മുന്നോട്ടു പോവുന്നുണ്ട്.

**മറ്റെന്തെങ്കിലും അനുഭവങ്ങൾ പറയാറുണ്ടോ?**

കെസ്സ് എന്റെ കുടുംബം തന്നെയാണ്, സഹായം മാത്രമല്ല നല്ല സൗഹൃദങ്ങളും ഇവിടെ നിന്നും ലഭിച്ചിട്ടുണ്ട്.



## വളർത്തിയതും നയിക്കുന്നതും

ആനി. സി. വൈ

ഒമ്പത് മക്കളെടങ്ങിയ കുടുംബത്തിലെ 8-ാമത്തെ മകളായിരുന്നു ആനിചേച്ചി. കൂലിപണിക്കാരായ അച്ഛനും അമ്മയ്ക്കും തന്റെ കൂടി വിദ്യാഭ്യാസ ചിലവുകൾ വഹിക്കാൻ സാധിക്കാത്തതുകൊണ്ട് പത്താം ക്ലാസിൽ തന്നെ തന്റെ പഠനം നിർത്തേണ്ടി വന്നു. തുടർന്ന് കെസ്സിന്റെ ബീഡി യൂണിറ്റിൽ  അംഗമായി. പിന്നീട് stabilizer unit ൽ തുടർന്നു. അവിവാഹിതയായ ആനിചേച്ചിക്ക് TIDEP എന്ന പദ്ധതിയിലൂടെ ഭവന നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചു. 25 - വർഷമായി നടത്തറ യൂണിറ്റിൽ പ്രവർത്തിച്ചു വരുന്ന ആനി ചേച്ചിക്ക് പല സാമ്പത്തിക സഹായങ്ങളും കെസ്സ് വഴി ലഭിച്ചു വരുന്നു. ഒറ്റയ്ക്കു താമസിക്കുന്ന ആനി ചേച്ചിയുടെ കുടുംബം ഈ യൂണിറ്റു തന്നെയാണ്. ഒറ്റപ്പെടലിനെ അതിജീവിക്കാൻ യൂണിറ്റിലെ സൗഹൃദങ്ങളിലൂടെ ആനിചേച്ചിക്ക് സാധിക്കുന്നു. കലാപരിപാടികളിലൂള്ള സജീവമായ പങ്കാളത്തിലൂടെ തന്റെ ജീവിതത്തിന് സന്തോഷം പകരാൻ അവർക്ക് സാധിക്കുന്നു. മാസവരുമാനത്തിനു പുറമേ ലഭിക്കുന്ന ബോണസുകളും പി.എഫും സാമ്പത്തിക ബുദ്ധിമുട്ടുകളെ അതിജീവിക്കാൻ സഹായിക്കുന്നു.



## താങ്ങും തണലും

റോസി സി. കെ

വീട്ടിലെ സാമ്പത്തികസ്ഥിതി മോശമായതിനാൽ രോഗബാധിതയായ റോസിചേച്ചിക്ക് ചെറുപ്രായത്തിൽ തന്നെ പഠനം ഉപേക്ഷിച്ച് വീട്ടിലിരിക്കേണ്ടി വന്നു. പ്രൈമറി വിദ്യഭ്യാസം മാത്രം ലഭിച്ചതുകൊണ്ട് ഇനി മുന്നോട്ട് എന്ത് എന്ന ചിന്തയുമായി ഇരിക്കുമ്പോഴാണ് സുഹൃത്തുക്കൾ മുഖേന കെസ്സിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അറിയുന്നത്. തുടർന്ന് 16-ാം വയസ്സിൽ കെസ്സിന്റെ സ്വയം തൊഴിൽ യൂണിറ്റിൽ ചേർത്ത് പ്രവർത്തനം ആരംഭിച്ചു. Embroidary യോടുള്ള താത്പര്യം മൂലം കെസ്സിന്റെ Embroidary unit ൽ തന്റെ ആദ്യ പരീക്ഷണം നടത്തി. തുടർന്നുണ്ടായ ചില അസൗകര്യങ്ങൾ മൂലം മറ്റു യൂണിറ്റുകളായ ബീഡിയൂണിറ്റിലും, കുട നിർമ്മാണ യൂണിറ്റിലും പ്രവർത്തിച്ചു. ശേഷം stabilizer unit ലേക്ക് എത്തിചേർന്നു. കെസ്സിന്റെ ആദ്യ stabilzer unit പ്രവർത്തിച്ചിരുന്ന പടവരാട് പ്രവർത്തിച്ച തിനുശേഷം നടത്തറ യൂണിറ്റിൽ 24 വർഷങ്ങളായി റോസി ചേച്ചി പ്രവർത്തിച്ചു വരുന്നു. 1973-ൽ കെസ്സിന്റെ ഭാഗമായി മാറിയ റോസിചേച്ചി 2019ലും കെസ്സിന്റെ ഭാഗമായ വി.വി.എസ്.എസ് യൂണിറ്റിൽ സജീവമായി തുടരുന്നു. ഭർത്താവും അമ്മയും മാത്രമടങ്ങിയ കുടുംബത്തിന് അത്താണി റോസിചേച്ചിയാണ്. Heart Patient ആയ റോസിചേച്ചിയുടെ വരുമാനത്തിലൂടെയാണ് ആ കുടുംബം മുന്നോട്ടു പോകുന്നത്. ടാക്സി ഡ്രൈവർ ആയിരുന്ന ഭർത്താവും 2 വർഷം മുമ്പ് രോഗശയ്യയിലായി. കെസ്സ് നൽകുന്ന സഹായങ്ങളിലൂടെയാണ് ആ കുടുംബം ഇന്ന് മുന്നോട്ടു പോകുന്നത്. TIDEP എന്ന ഭവന പദ്ധതിയിലൂടെ റോസി ചേച്ചിയുടെ വീട് എന്ന സ്വപ്നത്തിന് സാക്ഷാത്ക്കാരമായി. വിവാഹം എന്ന മറ്റൊരു സ്വപ്നവും കെസ്സിന്റെ സഹായത്തോടെയാണ് നിറവേറിയത്. കുടുംബത്തിലേക്ക് പ്രതിക്ഷിക്കാതെ വരുന്ന സാമ്പത്തിക ചിലവുകൾ കെസ്സിന്റെ സാമ്പത്തിക സഹായ പദ്ധതികൾ വഴി ലഘൂകരിക്കാൻ സാധിച്ചിട്ടുണ്ട്. ഹൃദ്രോഗിയായ റോസി ചേച്ചിക്ക് ഓരോ മാസവും വേണ്ടി വരുന്ന ചികിത്സാ ചിലവുകളും കെസ്സ് ഇന്നും നൽകി പോരുന്നു. ജീവിതത്തിലെ ദു:ഖങ്ങൾക്ക് നിവാരണമേകാൻ കെസ്സിന്റെ വിവിധ കലാപരിപാടികളിലുള്ള പങ്കാളിത്തം സഹായിക്കുന്നു. തന്റെ വിരമിക്കൽ പ്രായത്തിലേക്ക് കടക്കുന്ന റോസി ചേച്ചിക്ക് കെസ്സ് ഇന്നും താങ്ങും തണലുമാണ്.



## അത്താണി

ഡെൻസി പി.ജെ.

വി.വി.എസ്.എസ് യൂണിറ്റിലെ അലുമിനിയം സോൾഡറിങ്ങ് വർക്കർ ആണ് ഡെൻസി ചേച്ചി. 9 വർഷമായി യൂണിറ്റിൽ പ്രവർത്തിച്ച് വരുന്നു. തേപ്പു പണിക്കാരനായ ഭർത്താവും 2 കുട്ടികളും അടങ്ങിയ കുടുംബത്തിന്റെ വരുമാനത്തിന്റെ പകുതിഭാഗം ഡെൻസി ചേച്ചിയുടെ പങ്കാണ്. 2010-ൽ തുടങ്ങിയ യൂണിറ്റ് പ്രവർത്തനം ഇന്നും തുടർന്നു പോരുന്നു. +2 വിദ്യാർത്ഥിയും +1 വിദ്യാർത്ഥിയുമായ മക്കളുടെ വിദ്യാഭ്യാസ സഹായങ്ങൾ കെസ്സിൽ നിന്നും ലഭിക്കുന്നു. കെസ്സിലെ ഭവന പദ്ധതി വഴി വീടു നിർമ്മാണ ത്തിനായുള്ള സഹായങ്ങളും ലഭിച്ചിരുന്നു. മകളുടെ വിവാഹത്തിനാവശ്യമായ ധനസഹായവും വധുമിത്ര പദ്ധതിവഴി ലഭിച്ചിട്ടുണ്ട്. പത്താം ക്ലാസിൽ പഠനം നിർത്തേി വന്ന ഡെൻസി ചേച്ചിക്ക് വി.വി.എസ്.എസ് യൂണിറ്റിനും കെസ്സും ആണ് കുടുംബത്തിന് അത്താണിയായത്. കെസ്സ് നടത്തുന്ന ബോധവത്ക്കരണ ക്ലാസുകൾ വഴി കുടുംബ ഭദ്രത നിലനിർത്താൻ അവർക്ക് സാധിക്കുന്നു. ആഘോഷങ്ങളുടെ ഭാഗമായി നടക്കുന്ന കലാപരിപാടികളിലൂടെ സമൂഹത്തിന്റെ മുൻനിരയിലേക്ക് വരുവാൻ ചേച്ചിക്ക് സാധിക്കുന്നുണ്ട്.



## സഹായഹസ്തം

കുമാരി

ബിരുദധാരിയായ കുമാരി ചേച്ചി ഒട്ടും പ്രതീക്ഷിക്കാതെയാണ് യൂണിറ്റിലേക്ക് വരുന്നത്. തന്റെ 30-ാം വയസ്സിൽ യൂണിറ്റിലെ അംഗമായി പ്രവർത്തിക്കാൻ തുടങ്ങി. 1996ൽ ആരംഭിച്ച തന്റെ കെസ്സുമായുള്ള ബന്ധം ഇന്നും തുടർന്നു വരുന്നു. കുടുംബത്തിന്റെ ബുദ്ധിമുട്ടുകൾക്ക് അറുതി വരുത്താൻ കെസ്സിലെ തന്റെ പ്രവർത്തനത്തിലൂടെ സാധിക്കുന്നു. കെസ്സിലൂടെ നിരവധി സഹായങ്ങളാണ് അവരുടെ കുടുംബത്തിന് ലഭിക്കുന്നത്. വീടുനിർമ്മാണ ചിലവുകളിലേക്കുള്ള ഒരു വലിയ സഹായം കെസ്സിന്റെ ഭവനമിത്ര പദ്ധതിയിലൂടെ ലഭിച്ചു. വധുമിത്ര പദ്ധതി വഴി തന്റെ മകളുടെ വിവാഹചിലവുകൾ ഒരു പരിധിവരെ ലഘൂകരിക്കാൻ അവർക്ക് സാധിച്ചു. മകളുടെ പഠനകാലത്ത് പഠനോപകരണങ്ങളും സഹായമായി കെസ്സ് വഴി ലഭിച്ചിരുന്നു. കൃഷിക്കാരനായ ഭർത്താവിനെ സഹായിക്കുക എന്ന ഉദ്ദേശത്തോടെയാണ് കുമാരിചേച്ചി യൂണിറ്റിലേക്ക് കടന്നുവന്നത്. 24 വർഷത്തെ പ്രവർത്തനത്തിലൂടെ നല്ലൊരു സുഹൃത്ത് ബന്ധം സൃഷ്ടിക്കാൻ കുമാരിചേച്ചിക്ക് സാധിച്ചു. കെസ്സിലെ സാമ്പത്തിക പദ്ധതികളിലൂടെ കുടുംബത്തിലെ ചിലവുകളെ ലഘൂകരിക്കാൻ അവർക്ക് സാധിക്കുന്നു. വിരമിക്കലിലേക്ക് അടുക്കുന്ന കുമാരിചേച്ചിക്ക് ഇന്നും ഈ സ്ഥാപനം കൈത്താങ്ങായി നിലനിൽക്കുന്നു.



## പച്ചപിടിച്ചജീവിതം

ദേവി അനിൽ

ഒത്തിരി ദിവസത്തെ ശ്രമത്തിന് ശേഷമാണ് ഫോൺകോളിലൂടെ ദേവി ചേച്ചിയെ പരിചയപെടാൻ സാധിച്ചത്. വി.വി.എസ്.എസിൽ നിന്നുള്ള ഫോൺ കോൾ ആണെന്ന് മനസ്സിലാക്കിയതോടെ 4 വർഷങ്ങൾക്ക് മുമ്പുള്ള തന്റെ stabilizer unit ലെ ഓർമകളിലേക്ക് ദേവി ചേച്ചി തിരിച്ചുപോയി.. ഓർക്കാൻ എന്നും സന്തോഷകരമായ അനുഭവങ്ങളായിരുന്നു ചേച്ചിക്ക് ഈ യൂണിറ്റിൽ നിന്നും കെസ്സിൽ നിന്നും

ലഭിച്ചിട്ടുള്ളത്. 1984-ൽ തന്റെ 14-ാം വയസ്സിലാണ് ചേച്ചി കെസ്സിന്റെ ഭാഗമായത്. വളരെ കഷ്ടതകൾ നിറഞ്ഞതായിരുന്നു ചേച്ചിയുടെ കുട്ടിക്കാലം. 7 മക്കളടങ്ങിയ കുടുംബത്തിലെ 6-ാമത്തെ മകളായിരുന്നു ദേവി ചേച്ചി. പട്ടിണി അനുഭവിച്ച കുടുംബത്തിന് ഒരു ആശ്വാസമായിരുന്നു കെസ്സ് നൽകിയ ജോലി. ആദ്യം ഒരു 10 വർഷത്തോളം കെസ്സിന്റെ ബീഡി യൂണിറ്റിലും പിന്നീട് stabilizer unitലും പങ്കാളിയായി ജീവിതത്തിന്റെ നല്ലൊരു ഭാഗവും ഈ യൂണിറ്റിലാണ് ചിലവഴിച്ചത് തന്റെ 26-മത്തെ വയസ്സിലായിരുന്നു ചേച്ചിയുടെ വിവാഹം. ആ കാലത്ത് 3500, രൂപയോളം ചേച്ചിയുടെ വിവാഹത്തിനായി കെസ്സ് സഹായം നല്കിയത് ചേച്ചി ഇന്നും ഏറെ സന്തോഷത്തോടെ ഓർക്കുന്നു. ഇപ്പോൾ ഭർത്താവും വിദ്യാർത്ഥികളായ 2 മക്കളു മടങ്ങിയതാണ് ചേച്ചിയുടെ കുടുംബം. സ്കൂൾ തുറക്കുന്ന സമയത്ത് മക്കൾക്ക് സൗജന്യമായ കെസ്സ് നൽകിയിരുന്ന ബാഗും പുസ്തകവുമെല്ലാം ആ സമയത്തെ പ്രാരാബ്ദങ്ങൾക്ക് ഏറെ സഹായകമായിരുന്നുവെന്ന് ചേച്ചി ഇന്നും ഓർക്കുന്നു. കെസ്സിൽ നിന്നും കൊണ്ടു പോയിരുന്ന വിനോദയാത്രകളെല്ലാം ഇന്നും ഏറെ സന്തോഷത്തോടെയാണ് ചേച്ചി ഓർക്കുന്നത്. ഊട്ടി, കൊടയ്ക്കനാൽ, പീച്ചി, മലമ്പുഴ, തേക്കടി, മദ്രാസ് തുടങ്ങിയ യാത്രകളെ പറ്റിയുള്ള ഓർമ്മകളിൽ കുറച്ച് സമയം ചേച്ചി വാചാലയായി. ഇന്നും പറ്റാവുന്ന സമയങ്ങളിലൊക്കെ ചേച്ചി യൂണിറ്റിൽ സഹായത്തിനായി എത്താറുണ്ട്. കെസ്സ് എന്നും മറക്കാനാവാത്ത അനുഭവമാണെന്ന് പറഞ്ഞു ഫോൺ കട്ട് ചെയ്തു...



## ഭദ്രമീ ജീവിതം

സി.പി. റോസിലി

1977-ൽ തന്റെ 12-ാം വയസ്സിൽ റോസിലി ചേച്ചി കെസ്സിന്റെ ഭാഗമായി മാറി. തുടക്കം ബീഡി നിർമ്മാണ യൂണിറ്റിൽ നിന്നായിരുന്നു. പിന്നീട് കുറച്ച് വർഷം കെസ്സ് ഫാമിൽ പ്രവർത്തിച്ചു ശേഷം 13 വർഷത്തോളം ബൂസ്റ്റർ നിർമ്മാണമേഘലയിലും പ്രവർത്തിച്ചു. അതിനുശേഷം സ്റ്റബിലയ്സർ യൂണിറ്റിലേക്ക് കടന്നുവരുന്നത്. 25 വർഷത്തോളമായി സ്റ്റബിലയ്സർ യൂണിറ്റിൽ പ്രവർത്തിക്കുന്നു. കെസ്സുമായി ബന്ധപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളിലും പങ്കാളിയാണ് റോസ്സിലി ചേച്ചി. രോഗബാധിതരായ അമ്മയുടെയും സഹോദരന്റെയും ചികിത്സയ്ക്കും മറ്റാവശ്യങ്ങൾക്കുമായി നിരവധി സഹായങ്ങൾ കെസ്സ് വഴി ലഭിച്ചു വരുന്നു. സഹോദരിയുടെ മകളുടെ വിവാഹത്തിനായി ബുദ്ധിമുട്ടിയിരുന്ന കുടുംബത്തിന് വധുമിത്ര പദ്ധതിപ്രകാരം സഹായം ലഭിച്ചു. കുടുംബത്തിലെ പല ബാധ്യതകളേയും കെസ്സിലെ സാമ്പത്തിക ലോണുകൾ വഴി കുറയ്ക്കാൻ അവർക്ക് സാധിച്ചു. അവിവാഹിതയായ റോസ്സിലി ചേച്ചിക്ക് അത്താണിയായി കെസ്സ് ഇന്നും നിലനിൽക്കുന്നു. സാമ്പത്തിക സഹായമാകുന്ന രീതിയിൽ ആട്, കോഴി തുടങ്ങിയ സഹായങ്ങളും ലഭ്യമായിട്ടുണ്ട്. വരുമാനത്തിന് പുറമെയുള്ള ബോണസ്സും. ഇ.എസ്.ഐ തുടങ്ങിയവയും കുടുംബത്തിന്റെ അവസ്ഥ മെച്ചപ്പെടുത്താൻ സഹായിക്കുന്നുണ്ട്. ക്രിസ്തുമസ്, ഓണം, ആനുവൽ ഡേ തുടങ്ങിയ ആഘോഷങ്ങളിൽ സജീവ സാന്നിധ്യമാണ് റോസ്സിലി ചേച്ചി. കെസ്സ് നടത്തുന്ന ബോധവത്കരണ ക്ലാസ്സുകൾ വഴി കുടുംബ ഭദ്രത നിലനിർത്താൻ റോസ്സിലി ചേച്ചിക്ക് സാധിക്കുന്നുണ്ട്.



## ജെസി ചേച്ചിയുമായൊരു ഫോൺ കോൾ

ജെസ്സി. ഒ. വി

ലൈസമ്മ ചേച്ചി നൽകിയ ഫോൺ നമ്പറിലൂടെയാണ് ജെസ്സി ചേച്ചിയെ പരിചയപ്പെടുന്നത്. എന്റെ ദൗത്യത്തെക്കുറിച്ച് മനസ്സിലാക്കിയ അവർ ഒട്ടും മടി കൂടാതെ തന്നെ യൂണിറ്റിലെ അവരുടെ അനുഭവങ്ങളും ഓർമ്മകളും പങ്കുവെച്ചു. പത്തുമാസം മുൻപാണ് ജെസ്സിചേച്ചി യൂണിറ്റിലെ ജോലി നിർത്തുന്നത്. ഭർത്താവും രണ്ടുമക്കളുമടങ്ങുന്ന അവരുടെ കുടുംബത്തിന് കെസ്സും ഈ ജോലിയും എത്രമാത്രം വിലപ്പെട്ടതാണെന്ന് അവരുടെ വാക്കുകളിൽ നിന്നും എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. തേപ്പ് പണിക്കാരനായ ഭർത്താവ് ഇപ്പോൾ രോഗ ബാധിതനായി കഴിഞ്ഞിരിക്കുന്നു. ടൗണിൽ ഒരു കടയിൽ ക്ലീനിങ്ങ് ജോലിക്കു പോയാണ് അവർ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നതെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. എട്ട് മക്കളടങ്ങിയ കുടുംബത്തിലെ ഒരു അംഗമായിരുന്നു അവർ വളരെ ചെറുപ്പത്തിലെ അച്ഛനെയും അമ്മയെയും നഷ്ടപ്പെട്ട് ജീവിതത്തിലെ മറ്റൊരു നേർകാഴ്ച്ച അവർക്ക് അഭിമുഖീകരിക്കേണ്ടി വന്നു. ആശ്രയമില്ലാതെ, നിൽക്കേണ്ട അവസ്ഥയിലേക്ക് അവർ എത്തിപ്പെടുകയായിരുന്നു. അങ്ങനെയാണ് ക്ലീനിങ്ങ് ജോലി ചെയ്യാനായി അവർ പോയി തുടങ്ങിയത്. പിന്നീട് വിവാഹശേഷം അവർ ഈ യൂണിറ്റിലേക്ക് വന്നെത്തുകയായിരുന്നു. ജീവിതത്തിലെ മികച്ച കാലഘട്ടമായി അവർ യൂണിറ്റിൽ ചിലവഴിച്ച വർഷങ്ങളെ കാണുന്നു. ഏറെ സന്തോഷവതിയും അനുഗ്രഹീതയുമായി തോന്നിയ സമയമായിരുന്നു അവിടെ നിന്നും ജെസ്സി ചേച്ചി ലഭിച്ചതെന്ന് എനിക്കു മനസ്സിലാക്കാൻ സാധിച്ചു. ജീവിതത്തിലെ ദു:ഖങ്ങളും ദുരിതങ്ങളും മറന്ന് ഒരു കുടക്കീഴിൽ ഒരു കുടുംബം പോലെ ഒന്നിച്ചു ജോലി ചെയ്ത അവരുടെ ദിനങ്ങൾ വളരെയധികം അർത്ഥവത്തായാണ് അവർ വിലയിരുത്തിയത്. മലമ്പുഴ, നൂൽപ്പാലം, ഇടുക്കി ഇതെല്ലാം ആ സന്തോഷങ്ങളിൽ ചിലതുമാത്രം. എട്ടു വർഷത്തോളം യൂണിറ്റിൽ ജോലി ചെയ്ത അവർക്ക് ഈ അടുത്തായി ജോലി നിറുത്തേണ്ടി വന്നെങ്കിലും ഗവൺമെന്റ് ജോലിക്കു ശ്രമിക്കുന്ന ഒരു മകനും, എഞ്ചിനീയറിങ്ങിനു പഠിക്കുന്ന മറ്റൊരു മകനും പ്രത്യാശയേകുന്നു. സന്തോഷത്തിന്റെ ചില അനുഭവങ്ങളിലൂടെ കടന്നുപോയി ആ സംസാരം. കുറച്ചധികം നിമിഷങ്ങൾ തന്നെ എടുത്തു അവസാനിക്കാൻ.



## സുവർണ്ണകാലത്തിന്റെ ഓർമകളുമായ്

മേരി സി. എൽ

ജെസി ചേച്ചിയെപോലെ തന്നെ മറ്റൊരു ഫോൺകോളിലൂടെയാണ് മേരി ചേച്ചിയെ പരിചയപ്പെട്ടത്. ഇരുപത്തിരണ്ടുവർഷമായി അവർ കെസ്സിന്റെ ഭാഗമായിട്ട്, ഒന്നരവർഷം മുൻപാണ് ഈ ജോലിയിൽ നിന്നും പെൻഷനായത്. വളരെ സുഖകരമായ ഒരു ജീവിതത്തിന് കൂട്ടായി ഉണ്ടായിരുന്നത് അമ്മ മാത്രമാണ്. എന്നാൽ അമ്മയും കുറച്ചു ദിവസങ്ങൾക്ക് മുൻപ് അവരെ തനിച്ചാക്കി മരണപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇപ്പോൾ അവരുടെ ജീവിതം സഹോദരന്റെ ഔദാര്യത്തിൽ മുന്നോട്ടു പോവുന്നത്. യൂണിറ്റിലെ ജോലിയിൽ നിന്നും പി.എഫ് വഴി ലഭിക്കുന്ന പെൻഷൻ തുകയിലൂടെയാണ് ഓരോ മാസവും അവർ തള്ളി നീക്കുന്നത്. ഒരാശ്രയമായി ഇന്നവർക്ക് ആരുമില്ലാത്ത അവസ്ഥയാണ്. യൂണിറ്റിലെ ജോലി മാത്രമായിരുന്നു ക്ലേശകരമായ ജീവിതത്തിന് ആശ്രയം. ഒരു കരൾ രോഗി കൂടിയായ അവർക്ക് കെസ്സു വഴിയാണ് പലപ്പോഴും ചികിത്സാ സഹായങ്ങൾ ലഭിച്ചുകൊണ്ടിരുന്നത്.

യൂണിറ്റിലെ എല്ലാ പരിപാടികളിലും സജീവ സാന്നിദ്ധ്യമായിരുന്ന അവർ ഇന്നൊരു കൈതാങ്ങിനായി കാത്തിരിക്കുകയാണ്. ജീവിത്തിലെ ഒരു സുവർണ്ണകാലത്തിന്റെ ഓർമ്മകളും പേറി.



## വിജയം കൊയ്ത്

വിജി. സജി

ഒമ്പതു വർഷമായി വിജി ചേച്ചി കെസ്സിന്റെ ഭാഗമായിട്ട് ഭർത്താവും രണ്ടു മക്കളും അടങ്ങുന്ന കുടുംബത്തിന് ഒരാളുടെ മാത്രം വരുമാനത്തിൽ പിടിച്ചു നിൽക്കാൻ കഴിയാത്ത അവസ്ഥയിലാണ് യൂണിറ്റലേക്ക് ജോലിക്കായി വരുന്നത്. പത്താം ക്ലാസ് യോഗ്യതയുള്ള വിജി ചേച്ചി 2010 ലാണ് ഈ യൂണിറ്റിലേക്ക് വന്നത്. വീട് പണിക്കായും മറ്റും ലോൺ സഹായവും, കോഴി, കോഴികൂട് തുടങ്ങിയ സഹായങ്ങളും കെസ്സ് വഴി വിജി ചേച്ചിയ്ക്കു ലഭിച്ചിട്ടുണ്ട്. കെസ്സ് നടത്തുന്ന മെഡിക്കൽ ക്യാമ്പുകളിലും, ബോധവത്കരണ ക്ലാസുകളുലും സജീവമായി പങ്കെടുക്കുന്നു. വിമാനയാത്രയും, കപ്പൽയാത്രയും, രാമക്കൽമേടിലേക്കു പോയതും അവർക്ക് മറക്കാൻ സാധിക്കാത്ത അനുഭവങ്ങളാണ്. പച്ചക്കറി കൃഷിക്കുള്ള ട്രെയിനിങ്ങ് കെസ്സ് വഴി ലഭിച്ചിട്ടുള്ളതുകൊണ്ട് ബാങ്കിൽ നിന്നും കൃഷിക്കായി ലോണും എടുക്കാൻ സാധിക്കുന്നു. വരുമാനത്തിനു പുറമേ കിട്ടുന്ന ബോണസ്സ്, ഇ.എസ്.ഐ തുടങ്ങിയവ കിട്ടുന്നതുകൊണ്ട് അവർക്കിന്ന് അസൗകര്യങ്ങൾ ഇല്ലാതെ ജീവിക്കാൻ സാധിക്കുന്നു. ഓരോ വർഷവും മക്കളുടെ പഠനത്തിനാവശ്യമായ പഠനോപകരണങ്ങളും കെസ്സിൽ നിന്നും സൗജന്യമായി ലഭിക്കുന്നതുകൊണ്ട് അധികചിലവില്ലാതെ സന്തുഷ്ടമായി ജീവിക്കാൻ അവർക്കു സാധിക്കുന്നുണ്ട്.



## മാറ്റിമറിച്ച ജീവിതം

മിനി കെ.എസ്

ചെറുപ്രായത്തിലെ തന്നെ ജീവിത സാഹചര്യങ്ങളോട് പൊരുത്തപ്പെടാതെപോയ ഒരാളായിരുന്നു ഞാൻ. എന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളുമെല്ലാം എനിക്കെന്നും കൈയ്യെത്താദൂരത്തായിരുന്നു. കൂടെയുള്ള വരെല്ലാം വീടും കാറുമെല്ലാം സ്വപ്നം കണ്ടപ്പോൾ ഞാൻ കണ്ടത് മൂന്ന് നേരം പട്ടിണികിടക്കാതെ ജീവിക്കാൻ സാധിക്കണമെന്നായിരുന്നു സർവ്വേശ്വരന്റെ അനുഗ്രഹം കൊണ്ട് ഇന്നെനിക്ക് മെച്ചപ്പെട്ട ജീവിതം നെയ്തുണ്ടാക്കാൻ സാധിക്കുന്നു. ഒരു സ്ത്രീ എന്നതുകൊണ്ടുതന്നെ എന്റെ കുടുംബത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് പിന്മാറാൻ ഞാൻ തയ്യാറായിരുന്നില്ല. എന്റെ പരിമിതകളിൽ നിന്നുകൊണ്ട് ഞാൻ നേടിയെടുത്തതാണ് ഇന്നെന്റെ ജീവിതം, ഒരിക്കലും പിന്മാറില്ല എന്ന ഉറച്ചതീരുമാനമാണ് ഇന്ന് ഇവടെ വരെ എത്തിച്ചത്. ഇല്ലായിരുന്നെങ്കിൽ പാതിവഴിയിൽ അവസാനിപ്പിച്ച ഒന്നായി മാറുമായിരുന്നു. ഓർമ്മകളിൽ ഇടം പിടിക്കാത്ത ദുരിതങ്ങളിലൂടെയാണ് ഞാൻ കടന്നുവന്നത്. ഈ പ്രതിസന്ധികൾക്കിടയിലൂടെ എനിക്ക് SSLC, Pre Degree നേടാൻ സാധിച്ചില്ല. 40-ാമത്തെ വയസ്സിലേക്ക് കടന്നു കയറുമ്പോൾ, അച്ഛൻ, അമ്മ, അനുജൻ, അനുജത്തി അവരുടെ മക്കൾ എന്നിവരടങ്ങുന്ന ഒരു കുടുംബമായിരുന്നു എന്റേത്. നിലതെറ്റി വീണുപോയ എന്റെ ജീവിതത്തെ ചേർത്തു പിടിച്ചത് കെസ്സും, അവിടുത്തെ സു:മനസ്സുകളുമാണ്, 40-ാമത്തെ വയസ്സിലേക്ക് കടക്കുമ്പോഴും, ജീവിതത്തിനു മുമ്പിൽ പകച്ചു നിന്ന എന്നെയും എന്റെ കുടുംബത്തിനും താങ്ങായ ആ നിമിഷങ്ങളെ ഇന്നും ഒരുനെടുവീർപ്പോടെയാണ് ഓർക്കാൻ സാധിക്കുള്ളൂ. രണ്ട് പതിറ്റാണ്ടായി കെസ്സ് കുടുംബത്തിലെ അംഗമാണ് ഞാൻ, അനുജന്റെ

മക്കളുടെ വിദ്യഭ്യാസാവശ്യങ്ങൾ നിറവേറ്റാൻ സാധിക്കുന്നതും കെസ്സിലൂടെയാണ്, പ്രായത്തിന്റേതായ ബുദ്ധിമുട്ടുകളും, തൈറോയിഡ് മുതലായ ആരോഗ്യ പ്രശ്നങ്ങളും ഇന്നെനിക്ക് കൂട്ടായുണ്ട്, അവയൊക്കെ ലാഘവത്തോടെ കാണാൻ സാധിക്കുന്നത് കെസ്സ് കുടുംബമായതുകൊണ്ട് മാത്രമാണ് എന്റെ ജീവിതത്തിലെ ഭൂരിഭാഗം പ്രശ്നങ്ങളെയും ഇന്നെനിക്ക് മറികടക്കാൻ സാധിച്ചത് കെസ്സ് നൽകിയ ആത്മവിശ്വാസത്തിലൂടെയാണ് തിരുത്തി എഴുതിയ ഈ രണ്ട് പതിറ്റാണ്ടിനോട് ഞാനും എന്റെ കുടുംബവും എന്നും കടപ്പെട്ടിരിക്കും. സ്നേഹത്താൽ നേടാനാവാത്തതായി ഒന്നുമില്ല.



## കതിരിട്ട മോഹങ്ങൾ

ബേബി ഡേവിഡ്

അച്ഛനും അമ്മയും ഒരു സഹോദരനും അടങ്ങുന്ന സാമ്പത്തിക പരാധീനതകളുള്ള ഒരു സാധാരണ കുടുംബത്തിലാണ് ഞാൻ ജനിച്ചത്. കൂലിപണിക്കാരനായിരുന്ന അച്ഛനായിരുന്നു വീട്ടിലെ ഏക വരുമാന സ്രോതസ്സ്. ഈ സാമ്പത്തിക ഞെരുക്കങ്ങളിൽ പെട്ട് ഏഴാം ക്ലാസ്സ് വരെ പഠിക്കാൻ കഴിഞ്ഞത് എന്റെ ഭാഗ്യമാണെന്നാണ് ഞാൻ കരുതുന്നത്. എന്റെ പതിനാലാമത്തെ വയസ്സിൽ അടുത്ത ഒരു സുഹൃത്തിന്റെ പരിചയത്തിലാണ് ഞാൻ കെസ്സിൽ വനിതകൾക്ക് വേണ്ടി തൊഴിൽ ദായക യൂണിറ്റ് ഉണ്ടെന്നറിഞ്ഞതും അതിലേക്ക് അപേക്ഷവയ്ക്കുന്നതും. അപേക്ഷ നൽകി എനിക്ക് ഒരാഴ്ചപോലും കാത്തിരിയ്ക്കേണ്ടി വന്നില്ല, വി.വി.എസ്.എസിൽ നിന്നും വിളിവരാൻ... അച്ഛനേയും കൂട്ടി ആദ്യമായി അവിടേക്ക് കയറിയപ്പോൾ വല്ലാത്ത ഒരു സുരക്ഷിതത്വം എനിക്കനുഭവപ്പെട്ടിരുന്നു. നേരിയ ഒരു ഭയവും. എങ്കിലും മനസ്സിൽ പ്രതീക്ഷയുടെ തിരി തെളിഞ്ഞിരുന്നു. അന്നു മുതൽ ഇന്നുവരെ എന്റെ ജീവിതം വി.വി.എസ്.എസിനു ഒപ്പമായിരുന്നു. സുഖദു:ഖങ്ങളിൽ എന്നും എനിയ്ക്ക് കൂട്ടായത് വി.വി.എസ്.എസും ഇവിടുത്തെ കൂടപ്പിറപ്പുകളുമാണ്. ഒരുപാടു പ്രതീക്ഷയോടെയാണ് വിവാഹത്തെക്കുറിച്ചു ചിന്തിച്ചതും അതിനു തയ്യാറെടുത്തതും. അതുകൂടാതെ സ്വന്തമായി അദ്ധ്വാനിച്ച പണംകൊണ്ട് വിവാഹം നടത്തുമ്പോൾ അഭിമാനവും. പക്ഷെ മദ്യമെന്ന മഹാവിപത്ത് എത്രത്തോളം ഭയാനകമാണ് എന്നതിന് എന്റെ ജീവിതം ഒരു പാഠമാണ്. പക്ഷെ അന്ന് എന്നെ തളരാതെ കൈ ചേർത്ത് നിർത്തിയത് കെസ്സും വി.വി.എസ്.എസുമാണ്. സാമ്പത്തികമായി അതിലുപരി കൈത്താങ്ങിനായി ആരുമില്ലാതെ തളർന്നുപോയ അവസരങ്ങളിലും കണ്ടറിഞ്ഞ് എന്നെ സഹായിക്കാൻ ഈ ഒരു സംരംഭമല്ലാതെ മറ്റാരും ഉണ്ടായിരുന്നില്ല. മൂന്നുപെൺമക്കളാണ് എനിക്ക്. എന്നും മദ്യപിച്ചുവരുന്ന അച്ഛനെ പേടിയോടെ മാത്രം കാണുന്ന അവരുടെ ജീവിതം എന്തെന്ന ആശങ്കയിലല്ലാതെ ഒരു ദിവസം പോലും എന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. ദൈവത്തിന് ഓരോരുത്തരെയും കുറിച്ച് ഓരോ പദ്ധതികളുണ്ട് എന്നു പറയുന്നത് എത്രയോ സത്യമാണ്. ഇന്ന് ദൈവത്തിന്റെയും കെസ്സിന്റെയും അനുഗ്രഹത്തോടെയും സഹായത്തോടെയും മക്കളുടെ വിദ്യാഭ്യാസവും മകളുടെ വിവാഹം നടത്തുവാനും എനിക്കു കഴിഞ്ഞു. സ്വന്തമായി വീടില്ലാതിരുന്ന എനിക്ക് ഇന്ന് വീടുണ്ട്. രണ്ട് മക്കൾ പഠനം പൂർത്തിയാക്കി ചെറിയ ജോലിയിൽ പ്രവേശിച്ചു. കെസ്സിന്റെ നിരന്തരമായ ഇടപെടലുകൾകൊണ്ടും പ്രാർത്ഥനകൾ കൊണ്ടും കഴിഞ്ഞ നാലു വർഷങ്ങളായി പൂർണമായി മദ്യത്തിൽ നിന്നും മോചിതനായി നല്ലൊരു ഭർത്താവായി മക്കൾക്ക് നല്ലൊരു അപ്പനായി സമാധാനത്തോടെ ജീവിക്കുന്നു. ഇതിനെല്ലാം ഞാൻ കടപ്പെട്ടിരിക്കുന്നത് ഏതു സന്ദർഭങ്ങളിലും തളരാതെ നന്മയോടെ എന്നെ കൈപിടിച്ചു നടത്തിയ കെസ്സിലെ ഫാ. ജോർജ്ജ് തളിയപറമ്പിൽ, ഫാ. ജോയ് വൈദ്യക്കാരൻ, ഫാ. ജോൺ ബോസ്കോ, ഫാ. ഡോ. ജോയ് വട്ടോലി അച്ചൻമാരോടും, വി.വി.എസ്.എസി ലെ എന്റെ സഹോദരിമാരോടുമാണ്.

MARUTI

SPECIALIST IN
MARUTHI SPARES




ZEN MOTORS

XXV/1321, AMBADY BUILDING, KURUPPAM ROAD, THRISSUR - 1
PHONE : SHOP: 0487-2425493, RESIDENCE: 0487-2322261
CELL : 9387103977

CALICUT ARTS COLLEGE
(National Correspondence Institute)
KESS BHAVAN, NAIKANAL, TRICHUR - 680 001
0487- 2335327, 2337091, (Head Office)
Website : www. calicutartscollege.com

BRANCH : NEAR KARAMANA POST OFFICE , TRIVANDRUM- 2
PH 0471-2342042, 8086666450


മൂന്നു പതിറ്റാണ്ടിന്റെ പാരമ്പര്യവുമായി തൃശൂരിലെ കാലിക്കറ്റ് ആർട്സ് കോളജ്



# THE DESTINATION

INTERIOR & EXTERIOR SOLUTIONS

WHOLESALE & RETAIL

CHELAKKOTTUKARA

PH : 8943 339 339



Gyproc SAINT-GOBAIN

Vboard by Visaka

RAMCO HICEM Fibre Cement Board

SHERA™

BISON PANEL Cement Bonded Particle Board

SPL INSUboard









എല്ലാതരം False Ceiling & Partition വർക്ക്സും
മിതമായ നിരക്കിൽ ഉത്തരവാദിത്വത്തോടെ ചെയ്തുകൊടുക്കുന്നു.


QUALITY CIRCLE




**Fr. VYNTHALA VANITHA SERVICE SOCIETY**

3K PURAM, NADATHARA P O, THRISSUR - 680 751